# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

VOLUME - 3 Reg NO.TNBIL/2016/70171 ISSUE - 8

JULY - 2019 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



കർത്താവിൽ പ്രിയരെ,

നിങ്ങൾക്ക് ഏവർക്കും സമാധാനം ഉണ്ടാകുമാറാകട്ടെ,

കഴിഞ്ഞ രണ്ടു മാസത്തെ **ജാമക്കാരൻ** മാസികയിൽ ട്രൈബൽ മിഷൻ ആശുപത്രിയുടെ വിവരങ്ങളും ഇപ്പോഴത്തെ സാമ്പത്തിക ഞെരുക്കത്തിന്റെയും വിവരങ്ങൾ ഞാൻ എഴുതിയിരുന്നു. അതിൽ ഒരു ആദിവാസിയുവതിയുടെ പ്രസവ സമയത്തുണ്ടായ പ്രശ്നങ്ങളും ദൈവം അവിടെ ചെയ്ത അൽഭുതങ്ങളും യുവതിയെയും കുഞ്ഞിനെയും രക്ഷപ്പെടുത്തിയ വിവരങ്ങളും ഞാൻ എഴുതുകയുണ്ടായി. അത് വായിച്ച പലരും ട്രൈബൽ മിഷൻ ആശുപത്രിക്ക് സാമ്പത്തിക സഹായം ചെയ്യുവാൻ വിവരങ്ങൾ ചോദിച്ചിരുന്നു. അതിലേയ്ക്കു വേണ്ടിയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

**Dr. K. MURALIDHAR**
e-mail: muralidar.anaikatty@gmail.com
Bank: The Catholic Syrian Bank, Perumbavoor
SB A/C No. 0156-00706354-190001,
IFSC : CSBK0000156
Mob.: 09443165080

# AUGUST - 2019

**ട്രൈബൽ ന്യൂസ്** എന്ന പേരിൽ മാസിക (ഇംഗ്ലീഷ്, മലയാളം, തമിഴ്) മൂന്നു ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നു. ഈ മാസിക ആവശ്യമുള്ളവർ കത്തെഴുതി ആവശ്യപ്പെടാവുന്നതാണ്.

## ബി.ജെ.പി (കാവി പാർട്ടി) ഭരണം

ഇൻഡ്യയിൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ മൃഗീയ ഭൂരിപക്ഷത്തോടെ ബി.ജെ.പി അധികാരത്തിൽ വന്നതു മുതൽ ന്യൂനപക്ഷക്കാരായ ക്രിസ്ത്യാനികളും ഇസ്ലാമ്യരും വളരെയധികം പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

കർണ്ണാടക സംസ്ഥാനത്തിൽമാത്രം എട്ടോളം സഭകളും പാസ്റ്റർമാരും ആക്രമിക്കപ്പെട്ടു. തമിഴ്നാട്ടിൽ 18 സ്ഥലങ്ങളിലായി കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ തന്നെ പല സഭകളിലും അക്രമങ്ങൾ നടത്തുകയും ലഘുലേഖകളും ബൈബിളുകളും വിതരണം ചെയ്ത പല വിശ്വാസികളും അക്രമിക്കപ്പെടുകയും ചെയ്തു. തമിഴ്നാട്ടിലെ പോലീസ് സ്റ്റേഷനുകളിൽ ഇതെക്കുറിച്ച് പരാതി നൽകിയാലും ആരും അത് ചെവിക്കൊള്ളുവാനും തയ്യാറല്ല. കാരണം, തമിഴ്നാട്ടിലെ ഭരണകക്ഷി ***(AIADMK)*** ബി.ജെ.പി യ്ക്കും ആർ.എസ്.എസ്സിനും അടിമകളാണ്. ആരെങ്കിലും അതിനെതിരായി നടപടികൾ എടുത്താൽ അവർ കേന്ദ്രസർക്കാരിന്റെ പ്രതികാര നടപടികൾക്ക് വിധേയരാകേണ്ടിവരും എന്നുള്ള ഭയത്തിലാണ് എല്ലാവരും കഴിയുന്നത്.

## ഉത്തരേന്ത്യാ റെയിൽ സംഭവം

ഇപ്പോഴെല്ലാം ഹിന്ദുമതസംരക്ഷണ സംഘടനയും ഹിന്ദുമുന്നണി സംഘടനക്കാരും ക്രിസ്ത്യാനികളെയും, പ്രത്യേകമായി മുസ്ലിങ്ങളെയും കാണുമ്പോൾ 'ജയ് ശ്രീറാം' എന്നും 'ജയ് ഹനുമാൻ' എന്നും ഉറക്കെ വിളിക്കുവാൻ പൊതുസ്ഥലങ്ങളിൽ വച്ച് നിർബന്ധിക്കുന്നു.

☐ ഞാൻ ഉത്തരേന്ത്യയിൽ ട്രെയിനിൽ യാത്രചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു ക്രിസ്തീയ കുടുംബവും യാത്ര ചെയ്തുകൊണ്ടിരുന്നു. രാത്രി പത്തുമണിയോടടുത്തസമയം ട്രെയിൻ ***JHANSI*** സ്റ്റേഷൻ കടന്നുപോയിക്കൊണ്ടിരുന്നു. ഉറങ്ങുവാൻ ഉള്ള സമയം. ആ ക്രിസ്തീയ കുടുംബത്തിലുള്ള പ്രായം കൂടിയ വ്യക്തി, തന്റെ ക്ഷീണാവസ്ഥയിൽ ഉറക്കച്ചടവോടെ കോട്ടുവായിട്ടു.

അപ്പോൾ കോട്ടുവായോടൊപ്പം യേശുവേ എന്നു പറഞ്ഞു. ഈ സമയം സൈഡ് സീറ്റിൽ ഇരുന്നിരുന്ന നാലഞ്ചുപേർ ആ പ്രായമുള്ള വ്യക്തിയോട് "ജയ് ശ്രീറാം" "ജയ് ഹനുമാൻ" എന്നു പറയണം എന്നും പറഞ്ഞ് ബഹളം ഉണ്ടാക്കി. ഉച്ചത്തിൽ "ജയ് ശ്രീറാം" എന്നു പറണം എന്ന് നിർബന്ധിച്ചു. അടുത്ത പ്രാവശ്യം കോട്ടുവാ വരുമ്പോൾ ഓർമ്മയുണ്ടെങ്കിൽ അങ്ങനെ പറയാം എന്ന് അദ്ദേഹം പറഞ്ഞു. അതുപോര, ഇപ്പോൾ തന്നെ അങ്ങനെ പറയണം എന്നും പറഞ്ഞുകൊണ്ട് അദ്ദേഹത്തെ ദേഹോപദ്രവം ചെയ്യുവാൻ ശ്രമിച്ചു. അദ്ദേഹത്തോടൊപ്പം യാത്ര ചെയ്ത ഭാര്യയും മക്കളും ഒടുവിൽ ഒരു പ്രാവശ്യം അങ്ങനെ പറഞ്ഞ് തൊലയ്ക്ക് എന്ന് അദ്ദേഹത്തോട് പറഞ്ഞു. വേറെവഴിയില്ലാതെ അദ്ദേഹം വേദനയോടെ തലകുനിച്ചുകൊണ്ട് 'ജയ് ശ്രീറാം' എന്ന് സാവധാനത്തിൽ പറഞ്ഞു. പക്ഷേ, അവർ, ഈ ശബ്ദം പോര, ഉച്ചത്തിൽ തന്നെ പറയണം എന്ന് നിർബന്ധിച്ചു. അദ്ദേഹം കരയുന്നതുകണ്ട് അവർ പിന്നെ നിർബന്ധിക്കാതെ അവർ തങ്ങളുടെ സീറ്റുകളിൽ പോയിരുന്നു. കുടുംബത്തോടൊപ്പം യാത്ര ചെയ്തതുകൊണ്ട്, തന്റെ കുടുംബക്കാർക്ക് ആപത്തൊന്നും ഉണ്ടാകാതെയിരിക്കുവാനായിരിക്കും അപ്പോൾ അദ്ദേഹം അങ്ങനെ ജയ് ശ്രീറാം എന്ന് വിളിച്ചതെന്നാണ് ഞാൻ വിചാരിക്കുന്നത്. ഈ കഠിനമായ സാഹചര്യത്തിൽ വായനക്കാരായ നിങ്ങൾ ആരെങ്കിലും ആയിരുന്നുവെങ്കിൽ ഈ അവസ്ഥ ഒന്നു സങ്കൽപിച്ചു നോക്കുക.

## ജാർഖണ്ഡ് സംഭവം

☐ ജാർഖണ്ഡിലെ ഒരു ഗ്രാമത്തിലെ ഒരു മുസ്‌ലിം ബാല്യക്കാരനെ ഹിന്ദു മുന്നണി സംഘക്കാർ അവന്റെ ചുറ്റിലുംകൂടി നിന്ന് **'ജയ് ശ്രീറാം' 'ജയ് ഹനുമാൻ'** എന്ന് ഉച്ചത്തിൽ പറയുവാൻ നിർബന്ധിച്ചു. പക്ഷേ അവൻ അവരുടെ നിർബന്ധത്തിനു വഴങ്ങിയില്ല. അതുകൊണ്ട് അവനെ അവർ ഒരുമരത്തിൽ കെട്ടിയിട്ട് വടികൊണ്ടും കാൽകൊണ്ടും മൃഗീയമായി മർദ്ദിച്ചു. പക്ഷേ, അവൻ അള്ളാ അള്ളായെന്ന് നിലവിളിച്ചു. ഈ സംഭവം വാട്ട്സ് അപ്പിലും പത്രമാധ്യമങ്ങളിലും വൈറലായി പ്രചരിച്ചു. ഒടുവിൽ നാട്ടുകാർ ചിലർ അവനെ രക്ഷപ്പെടുത്തി ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും വൈകാതെ അവൻ മരണത്തിനു കീഴടങ്ങുകയാണുണ്ടായത്. ഈ സംഭവം രാജ്യവ്യാപകമായ പ്രതിഷേധത്തിനു കാരണമായി. പാർലമെന്റിലും രാജ്യസഭയിലും പ്രതിപക്ഷം ശക്തമായി പ്രധിഷേധിക്കുകയുണ്ടായി.

- മഹാരാഷ്ട്രയിൽ (താനെ) ദിവാ ആഗുസൻ റോഡിൽ “ഓല” ടാക്സി ഓടിച്ചുപോകുമ്പോൾ കാർ റിപ്പയർ ആയിട്ട് റോഡിന് ഒരു വശത്ത് നിർത്തി. അപ്പോൾ അതുവഴി മോട്ടോർ ബൈക്കിൽ വന്ന 3 ചെറുപ്പക്കാർ എന്തിനാണ് ഇവിടെ നിൽക്കുന്നത് എന്നുചോദിച്ചു. അതോടൊപ്പം അയാളുടെ പേരും ചോദിച്ചു. അതിന്, ഡ്രൈവർ ഫൈസൽ ഉസ്മാൻ എന്ന് തന്റെ പേര് പറഞ്ഞു. ഈ ഡ്രൈവർ ഒരു മുസ്ലീമാണെന്ന് അറിഞ്ഞയുടനെ “ജയ് ശ്രീറാം” “ജയ് ഹനുമാൻ” എന്നുപറയുവാൻ അവർ അവനെ നിർബന്ധിച്ചു. അവൻ അങ്ങനെ പറയാത്തതുകൊണ്ട് അവർ മൂന്നു പേരും ചേർന്ന് അയാളെ അടിച്ച് താഴത്തിട്ട് ക്രൂരമായി മർദ്ദിച്ചു. ആ കാറിലുണ്ടായിരുന്ന യാത്രക്കാർ ഭയന്ന് കാറിനുള്ളിലിരുന്ന് ഇതെല്ലാം നോക്കിക്കൊണ്ടിരുന്നു. അയാളെ മർദ്ദിച്ച് അവശനാക്കിയ ശേഷം അവർ മൂന്നുപേരും ബൈക്കിൽ തന്നെ രക്ഷപ്പെട്ടു. ഇതുപോലെയുള്ള അനിഷ്ട സംഭവങ്ങൾ മുംബെയിൽ കഴിഞ്ഞ ഒരു മാസമായി അടിക്കടി നടക്കുന്നതായി പത്രക്കാർ വെളിപ്പെടുത്തുകയുണ്ടായി. ഈ വിഷയത്തിൽ നമ്മുടെ പ്രധാനമന്ത്രി പാർലമെന്റിൽ തന്റെ ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി.

## ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ബി.ജെ.പി. ഭരിക്കണം

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ബി.ജെ.പി. ഭരണം വരുന്നതിനുവേണ്ടി ഒരു വൻതുക പണമായി അവർ സംഘടിപ്പിച്ചു വച്ചിരിക്കുന്നു. ആ പണം കൊണ്ട് ഓരോ സംസ്ഥാനത്തിലും മറ്റു കക്ഷിക്കാരായ എം.എൽ.എ മാരെ തങ്ങളുടെ പാർട്ടിയിൽ നിന്നും രാജി വയ്പിച്ചിട്ട് ബി.ജെ.പി. യിൽ ചേർത്തുകൊണ്ടിരിക്കുന്നു.

- ഞാൻ ജൂലായിൽ ഈ കാര്യങ്ങൾ ജാമക്കാരനിൽ എഴുതികൊണ്ടിരിക്കുമ്പോൾതന്നെ കർണ്ണാടക സംസ്ഥാനത്തിൽ ബി.ജെ.പി. പാർട്ടി ഭരണകക്ഷിയെ അട്ടിമറിച്ച് ഭരണം തങ്ങളുടെ കൈപ്പിടിയിൽ ആക്കിയത് ഞാൻ കേട്ടു. ഓരോ എം.എൽ.എ മാർക്കും 20 കോടി രൂപ വീതം നൽകി 19 എം.എൽ.എ. മാരെ വിലയ്ക്ക് വാങ്ങി എന്നുള്ള വാർത്തകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. ഈ കോടികൾ ബി.ജെ.പി.യ്ക്ക് എവിടെ നിന്നാണ് കിട്ടിയത്.

- ഇതേ മാതൃകയിലാണ് ഗോവയിലും എം.എൽ.എ മാരെ വിലയ്ക്ക് വാങ്ങി ഇപ്പോൾ ബി.ജെ.പി. ഭരണം പിടിച്ചെടുത്തത്.

□ അവരുടെ അടുത്ത ലക്ഷ്യം മമതാ ബാനർജി ഭരിക്കുന്ന പശ്ചിമബംഗാളാണ്. അവിടെയുള്ള എം.എൽ.എ മാരെയും പണം കൊടുത്ത് ചാക്കിലാക്കുവാൻ ബി.ജെ.പി. ശ്രമിച്ചുകൊണ്ടിരിക്കുന്നു. തുടർന്ന് തമിഴ്നാട്, പോണ്ടിച്ചേരി, കേരളം തുടങ്ങിയ സംസ്ഥാനങ്ങളാണ് അവരുടെ ലക്ഷ്യം. അങ്ങനെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ബി.ജെ.പി. യുടെ ഭരണത്തിൽ വന്നു കഴിഞ്ഞാൽ പിന്നെ ഇന്ത്യ മഴുവനും ഒരേ മതം, ഒരേ ഭാഷ, ഒരേ നിയമം ഉണ്ടാക്കി അതിലൂടെ ഹിന്ദുത്വം അടിച്ചേൽപ്പിക്കുവാനാണ് അവരുടെ ശ്രമം.

ഇത് സംഭവിക്കുമെങ്കിൽ ഇന്ത്യയിലും കാശ്മീരിലും ആഭ്യന്തര കലഹവും മതത്തിന്റെ പേരിലുള്ള കലാപങ്ങളും ഉണ്ടാകുവാനുള്ള സാദ്ധ്യതയുണ്ട്. ഇന്ത്യയിൽ ആയിരക്കണക്കിനുള്ള മതങ്ങളും ഭാഷകളും ഉണ്ട്. അവരവർ ആരാധിക്കുന്ന ദൈവങ്ങളെ ആരാധിക്കുവാനുള്ള നിയമങ്ങളുണ്ട്. എല്ലാവരും അവരവരുടെ സംസ്കാരത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ജീവിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ഇടയിൽ ഭിന്നതകൾ സൃഷ്ടിച്ച് അവരുടെ സമാധാനം നഷ്ടപ്പെടുത്തുവാനാണ് ഇപ്പോഴത്തെ ശ്രമം. അതിനുവേണ്ടി ശ്രീ. നരേന്ദ്രമോദിയും ശ്രീ. അമിത്ഷാ അവർകളും വാശിയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. തമിഴ്നാട് സർക്കാർ ഒരു അടിമയെപ്പോലെ പ്രവർത്തിക്കുന്നതുകൊണ്ട് ഏതുസമയവും ബി.ജെ.പിയോടു ലയിക്കുവാൻ സാധ്യതയുണ്ട്. പക്ഷേ, തമിഴ്നാട്ടിൽ ഡി.എം.കെ പാർട്ടി ഉള്ളിടത്തോളം കാലം ബി.ജെ.പി തമിഴ്നാട്ടിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ല. അതുപോലെതന്നെ കേരളത്തിലും കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിച്ചാലും കോൺഗ്രസ്സ് പാർട്ടി ഭരിച്ചാലും കേരള ജനത പ്രബുദ്ധരാണ്. അതുകൊണ്ട് കേരളത്തിലും അധികാരം പിടിക്കുവാൻ സാധ്യമല്ല. കേരളത്തിൽ ഹൈന്ദവർ കൂടുതലാണെങ്കിലും അവർ ബി.ജെ.പി ഭരണത്തെ ഇഷ്ടപ്പെടുന്നില്ല.

## ഇനി പ്രധാന വിഷയം

വടക്കേ ഇന്ത്യയിലെ എന്റെ യാത്രയിൽ സംഭവിച്ച കാര്യം ഞാനെഴുതിയത് നിങ്ങൾ വായിച്ചുവല്ലോ! ഉറങ്ങുവാൻ നേരത്തു പോലും യേശുവേ എന്ന് വിളിക്കുവാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ആ പ്രായമായ മനുഷ്യനോട് ജയ്ശ്രീറാം ബോലോ എന്നു നിർബന്ധിച്ച് പറയിച്ചത് നിങ്ങൾ വായിച്ചുവ

ല്ലോ. അതുപോലെയുള്ള സ്ഥിതി ഇന്ത്യയിലുള്ള മറ്റു പലർക്കും അനുഭവപ്പെടുവാൻ പോവുകയാണ്.

ഒരു പക്ഷേ, ഡോക്ടർ പുഷ്പരാജ് ആയ എനിക്കും അങ്ങനെ ഒരു സാഹചര്യം ഉണ്ടായാൽ ഞാൻ അതിനെ എങ്ങനെ അഭിമുഖീകരിക്കും എന്നു ഞാൻ ഒരു നിമിഷം ആലോചിച്ചു. ആ മുസ്ലീംബാല്യക്കാരനും മുംബെയിലെ ടാക്സി ഡ്രൈവറും കൂടുതൽ അടിയേറ്റിട്ടും മരണം വരെ 'ജയ്ശ്രീറാം' 'ജയ്ഹനുമാൻ' എന്നു പറഞ്ഞിട്ടില്ല. അള്ളാ അള്ളാ എന്നു പറഞ്ഞിട്ടാണ് ജീവനെ വിട്ടത്. അള്ളാ ഒരു യഥാർത്ഥ ദൈവം അല്ല എന്ന രഹസ്യം അവർക്ക് അറിയാതിരിന്നിട്ടും മരണം വരെ അവരുടെ വിശ്വാസവും മനോബലവും എത്ര വലുതായിരുന്നു. ആ സാഹചര്യത്തിൽ നമ്മുടെ പ്രവർത്തനം എങ്ങനെ ആയിരിക്കുമെന്ന് നാം മനസ്സിൽ പരിശീലനം ചെയ്തു നോക്കണം.

## തീച്ചൂള പരീക്ഷ

ശദ്രക്, മേശെക്, അബേദ്നെഗോ മൂന്നുപേരേയും തീച്ചൂളയിൽ ഇടുന്നതിനു മുൻപെ അവരോട് അറിയിച്ചത് എന്താണ്? രാജാവ് ആരാധിക്കുന്ന ഈ വിഗ്രഹത്തിനെ വണങ്ങിയാൽ മതി, നിങ്ങൾ രക്ഷപ്പെടും പദവിയും കിട്ടും. പക്ഷേ, ബാല്യക്കാർ അതിന് വഴങ്ങിയില്ല. ആ സാഹചര്യത്തിലും അവർ രണ്ടു വിധത്തിലുള്ള വിശ്വാസ വാർത്തകൾ പറഞ്ഞു: ഞങ്ങൾ ആരാധിക്കുന്ന ദൈവം ഞങ്ങളെ ഈ തീച്ചൂളയിൽ നിന്നു വിടുവിക്കുവാൻശക്തിയുള്ളവനാണ്. ഒരു പക്ഷേ അവൻ ഞങ്ങളെ വിടുവിക്കാതെ പോയാലും ഞങ്ങൾ ഈ വിഗ്രഹത്തെ വണങ്ങുകയില്ല എന്നു പറഞ്ഞ് തങ്ങളെ തന്നെ മരണത്തിനായി ഒരുങ്ങുന്നു. ഇതിൽ വിടുവിക്കും എന്നു പറയുന്നത് വിശ്വാസമാണ്. വിടുവിക്കാതെ പോയാലും എന്നു പറയുന്നത് പൂർണ്ണ വിശ്വാസമാണ്. ഈ ബാല്യക്കാർ തങ്ങൾക്ക് രക്ഷപ്പെടാനുള്ള ചെറിയ കാര്യങ്ങൾക്കു പോലും വഴങ്ങാതെ, ഞങ്ങളുടെ ദൈവം ജീവിക്കുന്നവനാണ്. അവൻ ഞങ്ങളെ ശ്രദ്ധിക്കുന്നു. ഇങ്ങനെയുള്ള ഞെരുക്കത്തിൽ എന്റെ മക്കൾ എങ്ങനെയാണ് എന്നെ മഹിമപ്പെടുത്തുവാൻ പോകുന്നു എന്നത് ദൈവം അറിയുവാൻ ആഗ്രഹിച്ചു. കർത്താവ് മൗനമായി അവരെ നോക്കിക്കൊണ്ടേയിരുന്നു. അവരുടെ ധൈര്യത്തോടെയുള്ള മറുപടിയെ അറിഞ്ഞയുടൻ, എന്റെ മക്കൾ ലജ്ജിപ്പിച്ചില്ല, ധൈര്യത്തോടെ മരണത്തെ തെരഞ്ഞെടുത്തപ്പോൾ അവർക്കൊപ്പം കർത്താവും തീച്ചൂളയിൽ ചാടി.

അവരുടെ തലമുടി പോലും എരിഞ്ഞു പോകാതെയും ശരീരം വെന്തു പോകാതെയും ഒരു കൊച്ചുകുഞ്ഞിനെ സൂക്ഷിക്കുന്നതുപോലെ അവരെ സംരക്ഷിച്ചു. അത് എത്ര വലിയ കൃപയാണ്. തീച്ചൂളയിൽ അവരെ എറിഞ്ഞവരെ ആ തീ ദഹിപ്പിച്ചു കളഞ്ഞു. അവരുടെ വിശ്വാസത്തിലുള്ള ഉറപ്പിനെ കർത്താവ് മാനിച്ചു.

അടുത്ത് നടന്ന സംഭവമാണ് ലോകചരിത്രത്തിൽ എഴുതപ്പെട്ടിട്ടുള്ള പ്രധാന വിഷയം. പിറ്റെ ദിവസം രാജാവ് തീച്ചൂളയിൽ എറിയപ്പെട്ട ബാല്യക്കാരെ കാണുവാൻ വന്നു. തീച്ചൂളയിൽ കുനിഞ്ഞു നോക്കിയപ്പോൾ നാലാമതൊരാൾ തീച്ചൂളയിൽ നടക്കുന്നതു കണ്ടു. രാജാവ് ആ ബാല്യക്കാരെ നോക്കി ഉച്ചത്തിൽ ചോദിച്ചു, ഞങ്ങൾ വിശ്വസിക്കുന്ന ഞങ്ങളുടെ ദൈവം ഞങ്ങളെ രക്ഷിക്കും എന്നു നിങ്ങൾ വീമ്പിളക്കിയല്ലോ? അതു പ്രകാരം ആ ദൈവം നിങ്ങളെ രക്ഷപ്പെടുത്തിയോ എന്നു ചോദിച്ചു. അതെ രാജാവെ, ഞങ്ങൾ വിശ്വസിക്കുന്ന ഞങ്ങളുടെ ദൈവം ഈ തീച്ചൂളയിൽ ഞങ്ങളോടൊപ്പം നിൽക്കുന്നു, ഞങ്ങളുടെ ശരീരത്തിൽ ഒരു ചെറിയ പൊള്ളൽ പോലും ഉണ്ടായിട്ടില്ല. കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ. ഇപ്പോൾ മറ്റൊരു വലിയ അതിശയം സംഭവിക്കുന്നു. രാജാവ് വലിയ ശബ്ദത്തോടെ, ഈ ബാല്യക്കാർ ആരാധിക്കുന്ന ദൈവം തന്നെ യഥാർത്ഥ ദൈവം, ഇനി നമ്മുടെ ദേശത്തിൽ വിഗ്രഹങ്ങളൊന്നും പാടില്ല. ഇനി ഇവരുടെ ദൈവമാണ് നമ്മുടെ ദൈവം. രാജാവായ ഞാനും എന്റെ ദേശക്കാരും ഈ യഥാർത്ഥ ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന് കല്പന പുറപ്പെടുവിച്ചു. ഈ ബാല്യക്കാരുടെ സാക്ഷ്യ ജീവിതം ദേശം മുഴുവനും യഥാർത്ഥ ദൈവത്തെ ആരാധിക്കുവാൻ ഇടവരുത്തി.

ഇത് വായിക്കുന്ന എന്റെ പ്രിയ വായനക്കാരേ, ഇങ്ങനെയുള്ള ഒരു സാഹചര്യം നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാവുമെങ്കിൽ, താൽകാലിക രക്ഷയ്ക്ക് വിഗ്രഹത്തെ ആരാധിക്കാം എന്ന് ചിന്തിച്ച് രക്ഷപ്പെടുവാൻ ശ്രമിക്കുമോ അഥവാ മരിക്കേണ്ടി വന്നാലും യേശുക്രിസ്തുവിനെ ഞാൻ തള്ളിപ്പറയുകയില്ല. എന്ന തീരുമാനമെടുക്കുവാൻ കഴിയുമോ?

എന്റെ വ്യക്തി ജീവിതത്തിൽ ഇങ്ങനെ ഒരു സാഹചര്യം എനിക്കുണ്ടായാൽ RSS തീവ്രവാദികളുടെ കൈയിൽ അകപ്പെട്ട് ജയ്ശ്രീറാം എന്നു പറയു

വാൻ നിർബന്ധിച്ചാൽ **"ഈസാ മസി കീ ജയ്"** എന്നുപറയുവാനുള്ള ഉറപ്പ് എനിക്കുണ്ട്. കാരണം, എന്റെ ദൈവം എന്നോടും എന്റെ ഉള്ളിലും കൂടെയുണ്ട്. എല്ലാ ആപത്തുകൾക്കും മരണ ഉപദ്രവത്തിനും എന്നെ തന്നെ ഒരുക്കിക്കൊണ്ടാണ് ഞാൻ യാത്ര തുടരുന്നത്.

## ചില ക്രൈസ്തവ നേതാക്കൾക്ക് എന്നോടുള്ള ദേഷ്യം

ഇപ്പോഴുള്ള സി.എസ്.ഐ മോഡറേറ്റർ, ചില ബിഷപ്പുമാർ ഇവർക്കെല്ലാം എന്നോടുള്ള ദേഷ്യത്തിനു കാരണം, ഞാൻ ജാമക്കാരനിൽകൂടി വെളിപ്പെടുത്തിയ ചില കാര്യങ്ങളാണ്. അതുകൊണ്ട് എന്റെ ദൈവവേലയിൽ ചില തടസ്സങ്ങൾ അവർ ഉണ്ടാക്കുന്നു. അത് എന്റെ ശരീരത്തെ വേദനപ്പെടുത്തുന്നില്ല. മറിച്ച്, എന്റെ മനസ്സിനെയാണ് വളരെ വേദനിപ്പിക്കുന്നത്. ഞാൻ കള്ളമായിട്ടോ വ്യാജമായിട്ടോ ഇതുവരേയും ഒന്നും എന്റെ മാസികയിൽ എഴുതിയിട്ടില്ല. ഞാൻ പണത്തിനുവേണ്ടിയോ പണപിരിവിനുവേണ്ടിയോ ഒരു സഭകളിലും ദേശത്തിലും വിദേശത്തിലും പ്രസംഗിച്ചിട്ടില്ല. അതിന്റെ ആവശ്യവും എനിക്കുണ്ടായിട്ടില്ല. കാരണം എന്റെ മക്കൾ നല്ല സ്ഥിതിയിൽ കുടുംബത്തിൽ ആയിരിക്കുന്നു. എന്റെ ഭാര്യയുടെ സർക്കാർ പെൻഷനിൽ സംതൃപ്തരായി കടങ്ങളില്ലാതെ ജീവിക്കുന്നു.

ജാമക്കാരൻ മാസികയുടെ അച്ചടിയുടെ ചെലവിനായും സ്റ്റാമ്പിന്റെ ചെലവിനായും ധാരാളം വായനക്കാർ മാസംതോറും മുടങ്ങാതെ സാമ്പത്തിക സഹായം നൽകിവരുന്നു. അങ്ങനെ അയയ്ക്കുന്നവരുടെ പണം ഓരോ മാസവും മാസിക പുറത്തിറക്കുവാൻ മതിയാകുന്നുണ്ട്.

പക്ഷെ എന്റെ മാസികയിൽ ചില ബിഷപ്പുമാരുടെ വെട്ടിപ്പുകളെക്കുറിച്ചും എതിർ ക്രിസ്തുവിന്റെ ഉപദേശത്തെ സഭയ്ക്കുള്ളിൽ നുഴഞ്ഞുകയറ്റുവാൻ ശ്രമിക്കുന്നതിനെക്കുറിച്ചും മാസികവഴി എന്റെ വായനക്കാരെ ജാഗ്രതപ്പെടുത്തുന്നത്, ഇങ്ങനെയുള്ള ചില ബിഷപ്പുമാർക്ക് എന്റെ മേൽ വെറുപ്പും ഈർഷ്യവും ഉണ്ടാക്കുന്നു. രഹസ്യമായി എന്നെ വിശ്വാസികളായ ജനത്തിൽ നിന്നും അകറ്റുവാൻ ശ്രമിക്കുന്നത് ഹിന്ദുമത തീവ്രവാദികളുടെ പ്രവർത്തനത്തേക്കാൾ മോശമാണ്. എന്നാലും, ദൈവഭക്തിയുള്ള

ബിഷപ്പുമാരും വെട്ടിപ്പുകളിൽ അകപ്പെടാതെ ബിഷപ്പുമാരും മാത്രം ഇന്നും എന്നെ തുടർച്ചയായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. അവർക്കുവേണ്ടി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

നമ്മുടെ ജീവിതം, നമ്മുടെ വസ്ത്രധാരണം, ഭവനങ്ങളിലെ നമ്മുടെ പെരുമാറ്റം, അല്ലെങ്കിൽ ജോലി സ്ഥലത്തെ നമ്മുടെ പ്രവർത്തനങ്ങൾ വഴിയായി നമ്മെ കാണുന്നവർ, ഇവർ ആരാധിക്കുന്ന യേശുതന്നെ യഥാർത്ഥ ദൈവം എന്നു പറയണം. നമ്മുടെ ഇന്ത്യയിൽ ഇനിയും എന്തെല്ലാം സംഭവിക്കുവാൻ പോകുന്നു എന്നറിയില്ല.

എതിർ ക്രിസ്തുവിന്റെ കാലത്തിൽ 666 നമ്പർ ഇടാത്തവർക്ക് റേഷൻ കിട്ടത്തില്ല, കുഞ്ഞിന് പാൽ കിട്ടത്തില്ല. അഥവാ 666 നമ്പർ ഇടാത്തവരെ ജയിലിൽ അടയ്ക്കും എന്ന സാഹചര്യത്തിൽ നമ്മുടെ വിശ്വാസവും പ്രവർത്തിയും എങ്ങനെ ഉള്ളതായിരിക്കും. എതിർക്രിസ്തുവിന്റെ കാലം വളരെ ദൂരയല്ല. ഇപ്പോഴേ നാം പ്രാർത്ഥനയോടെ വചനത്തിന്റെ അടിസ്ഥാനത്തിൽ ജീവിച്ച് ധൈര്യപ്പെടണം. ക്രിസ്തുവിനുവേണ്ടി ജീവിച്ച് രക്തസാക്ഷികളായവരുടെ ചരിത്രങ്ങളെ നാം വായിച്ച്, തങ്ങളുടെ സ്വന്തകുടുംബങ്ങൾ നഷ്ടപ്പെടുത്തുന്നതിൽ ധൈര്യപ്പെട്ടു, ആ ധൈര്യം നമുക്ക് എല്ലാവർക്കും ഉണ്ടായിരിക്കണം.

- എന്റെ ദൈവവേലയ്ക്ക് സാമ്പത്തിക സഹായം അയച്ചുതന്ന എല്ലാവർക്കും നന്ദി പറയുന്നു. നിങ്ങൾ ***NEFT Online*** വഴിയായി അയച്ച എല്ലാ സാമ്പത്തിക സഹായവും കിട്ടി. എല്ലാവർക്കും നന്ദി. പണം അയച്ചുതന്ന എല്ലാവർക്കും ഉടനെതന്നെ മറുപടി അയയ്ക്കുവാൻ സാധിക്കാത്തതിൽ എന്നോടു ക്ഷമിക്കണം. എനിക്കു സമയം കിട്ടുമ്പോഴെല്ലാം ഫോൺ മുഖേന നന്ദിയും അതോടൊപ്പം പ്രാർത്ഥിക്കുകയും ചെയ്യുന്നു. ബാങ്കുവഴി ***(NEFT)*** പണം അയച്ചവർ എന്റെ ഓഫീസ് മൊബൈൽ ഫോണിൽ ***(9894261333) SMS*** മുഖേന നിങ്ങളുടെ ഫോൺ നമ്പറും അയച്ച തുകയും അറിയിച്ചാൽ സമയം കിട്ടുമ്പോൾ ഫോൺ മുഖേന തന്നെ എനിക്ക് നിങ്ങളെ അറിയിക്കുവാൻ കഴിയുന്നതായിരിക്കും.

ദൈവത്തിന്റെ വേലയിൽ നിങ്ങളെ ഉണർത്തി എന്നോടുചേർത്ത് എന്റെ ദൈവവേലയിൽ നിങ്ങളെ പങ്കുകാരനാക്കുവാൻ പ്രവർത്തിച്ച ദൈവത്തിന് കോടാകോടി സ്തോത്രം.

**ഡോ. പുഷ്പരാജ്**

# ചോദ്യവും ? ഉത്തരവും...

**ചോദ്യം** :– 2019 ജൂൺമാസ ജാമക്കാരനിൽ വെല്ലൂർ ഡയോസിസ് ***C.S.I*** പുതിയ ബിഷപ്പിനെ അനുമോദിച്ച് എഴുതിയതിൽ, **മദ്യപാനി അല്ലാത്ത ബിഷപ്പെന്ന്** ഡോക്ടർ വിശേഷിപ്പിച്ചിരുന്നുവല്ലോ. ഈ വിഷയത്തിൽ, പുതിയ ബിഷപ്പ് മദ്യപാനി അല്ലായെന്ന് എഴുതിയതിന്റെ അർത്ഥം മറ്റു ബിഷപ്പുമാർ മദ്യപാനികളാണെന്നുള്ള ഒരു തെറ്റിദ്ധാരണ സാധാരണ ജനങ്ങളിൽ ഉണ്ടാകാൻ സാധ്യതകൾ ഉള്ളതിനാൽ ഡോക്ടർക്ക് ഈ വാക്ക് ഒഴിവാക്കാമായിരുന്നു!

**മറുപടി** :– ബഹുമാനപ്പെട്ട അച്ചൻ അവർകൾക്ക്,

താങ്കൾ അയച്ച ചോദ്യം കിട്ടി. മദ്ധ്യ കേരള ***C.S.I*** ഡയോസിസിൽ താങ്കളെപോലെ തന്നെ എന്നെ സ്നേഹിക്കുന്ന ധാരാളം അച്ചൻമാർ ഉള്ളതുകൊണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. താങ്കളുടെ ഡയോസിസിന്റെ ബിഷപ്പും ഇപ്പോഴത്തെ മോഡറേറ്ററും ആയ **മോസ്റ്റ്. റവ. തോമസ് കെ ഉമ്മൻ** അവർകൾ കോട്ടയത്തിൽ പുതിയ ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ, അച്ചൻമാരുടെ യോഗത്തിലും, ***DC*** മെമ്പർമാരുടെ യോഗത്തിലും, **പണം കൊടുത്ത് ബിഷപ്പ് സ്ഥാനം വാങ്ങാത്ത** ബിഷപ്പെന്ന് പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട് എന്ന് അദ്ദേഹം പറഞ്ഞിരുന്നു. ഇത് ഞാൻ അറിഞ്ഞപ്പോൾ, അതിനെ വിമർശിച്ച് അന്ന് ജാമക്കാരനിൽ എഴുതിയത് താങ്കളും വായിച്ചിരിക്കുമല്ലോ. അന്ന് ഞാൻ വിമർശിച്ചെഴുതിയതുകാരണം, ബിഷപ്പിന് എന്നോടുള്ള **വെറുപ്പ് കൂടി**. ഈ സംഭവത്തെ വീണ്ടും ഇവിടെ ചൂണ്ടിക്കാണിക്കുവാനുള്ള കാരണം, നമ്മുടെ ബിഷപ്പ് അവർകൾ തന്നെ താൻ പണംകൊടുത്ത് വാങ്ങിയ ബിഷപ്പ് സ്ഥാന

മല്ല എന്ന് പരസ്യപ്പെടുത്തിയതിന്റെ അർത്ഥം ഇതിനുമുമ്പ് ബിഷപ്പ് സ്ഥാനം അലങ്കരിച്ച, ബിഷപ്പ് മാണി തിരുമേനി അവർകൾ, ബിഷപ്പ് സാം തിരുമേനി അവർകൾ, ബിഷപ്പ് ജോസഫ് തിരുമേനി അവർകൾ ഇവരെല്ലാം പണം കൊടുത്താണ് തങ്ങളുടെ പദവികൾ സ്വന്തമാക്കിയത് എന്നാണോ സാധാരണക്കാരായ വിശ്വാസികൾ മനസ്സിലാക്കേണ്ടത്. ബിഷപ്പ് മോസ്റ്റ്. റവ. തോമസ് കെ ഉമ്മൻ അവർകളുടെ ഈ വാക്കുകൾ അർത്ഥമാക്കുന്നത് അങ്ങനെയാണ്.

ഒരു ഡയോസിസിന്റെ ഉന്നത പദവിയിൽ പുതിയതായി ചുമതലയേറ്റവരെ ബഹുമാനിക്കുന്നതും അനുമോദിക്കുന്നതും ഒരു സി.എസ്.ഐ അംഗം എന്ന നിലയിലും ഒരു മാസികയുടെ എഡിറ്റർ എന്ന നിലയിലും ഉള്ള എന്റെ കടമയാണ്. അങ്ങനെയുള്ള അനുമോദനത്തിൽ അതിന് അർഹനായ വ്യക്തിയുടെ സവിശേഷതകളെ പ്രത്യേകം എടുത്ത് കാണിക്കുന്നത്, അദ്ദേഹത്തെ വായിച്ചറിയുന്ന മറ്റുള്ളവർക്ക് ഏറെ പ്രയോജനമായിരിക്കും. ഈ വിഷയത്തിൽ എന്നോട് ഈ ചോദ്യം ചോദിച്ച അച്ചൻ അവർകൾക്ക്, താങ്കളുടെ ബിഷപ്പിനെ മാത്രമേ അറി യാവൂ. എന്നാൽ സി.എസ്.ഐ യിലെ 24 ഡയോസിസുകളിലും പോയി പ്രസംഗിക്കുന്ന ഒരാളാണ് ഞാൻ. ഇതിൽ ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്നാട്, തെലുങ്കാന, തുടങ്ങിയ സംസ്ഥാനങ്ങളിലും കേരളത്തിലെ ചില ഭാഗങ്ങളിൽ ഉള്ള ഡയോസിസുകളിൽ ഉള്ള ചില ബിഷപ്പുമാരിൽ, മദ്യപാനത്തിന് അടിമകളായ ബിഷപ്പുമാർ ആരൊക്കെയാണെന്നും **രാത്രിയിൽ മാത്രം** മദ്യപിക്കുന്നവർ എത്രപേരാണെന്നും ഉള്ള വിവരങ്ങൾ എനിക്ക് അറിയാം. ഇതൊക്കെ ജാമക്കാരനിൽ എഴുതുവാൻ എനിക്ക് ഒട്ടും താത്പര്യം ഉള്ളതല്ല. എങ്കിലും അച്ചന്റെ ഈ ചോദ്യമാണ് ഇപ്പോൾ ഇതെല്ലാം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്. ഇതിന്റെ അടിസ്ഥാനത്തിലാണ്, മധ്യകേരള ഡയോസിസിൽ എന്നെ പ്രസംഗിക്കുവാൻ ക്ഷണിക്കരുത് എന്നുള്ള രേഖപ്പെടുത്താത്ത ഒരു പ്രസ്താവന ഉള്ളതായി ഞാൻ അറിഞ്ഞത്. എന്നാലും മധ്യകേരള ഡയോസിസിൽ ഉള്ള ബഹുഭൂരിപക്ഷം അച്ചൻമാർക്കും വിശ്വാസികൾക്കും അവരുടെ ഹൃദയങ്ങളിൽ നിന്നും എന്നെ ഒഴിവാക്കുവാൻ കഴിയാത്ത അവസ്ഥയാണ്. ഡയോസിസിൽ എന്നെ സ്നേഹിക്കുന്ന, എന്നെ കരുതുന്ന, എന്നെതാങ്ങുന്ന എല്ലാ അച്ചൻമാർക്കുവേണ്ടിയും വിശ്വാസികൾക്കുവേണ്ടിയും ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

**ചോദ്യം :–** നമ്മുടെ മരണത്തിനുശേഷം നമ്മുടെ ശരീര അവയവങ്ങളെ മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനത്തിനും ഗവേഷണത്തിനും ക്രിസ്ത്യാനികൾ ദാനം ചെയ്യാമോ?

**മറുപടി :–** അതെ. നിങ്ങൾക്ക് അത് ധാരാളമായി ദാനം ചെയ്യാം. എന്നാൽ, നമ്മുടെ കുടുംബക്കാർ അതിന് സമ്മതിക്കുന്ന കാര്യത്തിൽ ബുദ്ധിമുട്ടാണ്. ശ്രീലങ്കയിൽ ടൈഗർ ഫോഴ്സിന്റെ ***(LTTE)*** ഒരാൾ വെടിയേറ്റ് മരിക്കാറായ അവസ്ഥയിൽ മരണശേഷം എന്റെ ശരീരം മെഡിക്കൽ ഗവേഷണത്തിന് ഏൽപിക്കണം എന്ന് പറഞ്ഞതിൻപ്രകാരം ആ ശരീരത്തെ അങ്ങനെതന്നെ മെഡിക്കൽ വിഭാഗത്തിന് ഏൽപിച്ചു.

നമ്മുടെ കുടുംബക്കാർക്ക് ശരീരം പൂർണ്ണമായും ഏൽപ്പിക്കുന്ന കാര്യത്തിൽ വിമുഖതയാണുള്ളത്. അതുകൊണ്ട് ശരീരത്തിലെ പ്രധാന അവയവങ്ങളായ കണ്ണ്, കിഡ്നി, ഹൃദയം, കരൾ തുടങ്ങിയവ ദാനം ചെയ്യുന്നത് ഒരുനല്ല ഏർപ്പാടാണ്. അതുമൂലം കണ്ണില്ലാത്ത എത്രയോപേർക്ക് കാഴ്ച ലഭിക്കാനും ലോകത്തെ കാണുവാനും കഴിഞ്ഞിട്ടുണ്ട്. കിഡ്നിവച്ചു പിടിപ്പിച്ചാൽ 15 – 20 വർഷം വരെ അവർക്ക് ജീവിക്കുവാൻ കഴിയും. അങ്ങനെ അവരുടെ മക്കൾ അനാഥരാകുന്നില്ല. ഇങ്ങനെ നമ്മുടെ ശരീരത്തിന്റെ ഓരോ അവയവങ്ങളും ഓരോ കുടുംബത്തെ രക്ഷപ്പെടുത്തുന്നു. ഇങ്ങനെ ഈ വിഷയത്തിൽ അവയവങ്ങൾ ദാനം ചെയ്യുവാൻ ആഗ്രഹിക്കുന്നവർ സമീപത്തുള്ള സർക്കാർ ആശുപത്രികളിൽ നിന്നും അപേ ക്ഷാഫോറം വാങ്ങി പൂരിപ്പിച്ച്, വിൽപത്രം തയ്യാറാക്കുന്നതുപോലെ എഴുതി, കുടുംബക്കാരുടെ സമ്മതപത്രം എഴുതി വാങ്ങി അത് സർക്കാരിനെ ഏൽപ്പിക്കണം. അതിനുശേഷം ആ വ്യക്തി മരിക്കുമ്പോൾ കുടുംബക്കാർ ആ വിവരം ഉടനെതന്നെ ആശുപത്രിക്കാരെ അറിയിക്കണം. അപ്പോൾ ആശുപത്രിക്കാർ വിദഗ്ധ ഡോക്ടർമാരോടൊപ്പം സർവ്വസന്നാഹങ്ങളും ആംബുലൻസുമായിട്ട് നിങ്ങളുടെ ഭവനങ്ങളിൽ എത്തിച്ചേരും. അല്ലാതെ ഈ ശരീരവും കൊണ്ട് നിങ്ങളാരും ആശുപത്രിയിലേയ്ക്ക് പോകേണ്ട ആവശ്യമില്ല. ഈ ആംബുലൻസിൽ തന്നെ അതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ഉണ്ട്. അവർ തന്നെ, ആവശ്യമുള്ള അവയവങ്ങൾ എടുത്ത് മെഡിക്കൽ കുപ്പികളിൽ ഇട്ടതിനുശേഷം ശരീരത്തെ ബന്ധുക്കൾക്ക് വിട്ടുകൊടുക്കും. ഇത് പലർക്കും തങ്ങളുടെ ജീവിതത്തിലേയ്ക്ക് തിരിച്ചുവരുന്ന അനുഭവങ്ങൾ നൽകും.

**വായനക്കാർ അറിയേണ്ടത്**

ഒരു മനുഷ്യൻ മരിച്ചാൽ അവന്റെ ശരീരത്തെ ഭൂമിക്കടിയിൽ കുഴിച്ചിടുന്നു. മരണശേഷം അവന് എന്തു സംഭവിക്കുന്നു എന്നത് സഭാപ്രസംഗി:12:7 ൽ വായിക്കാം. അതുകൊണ്ടാണ് ശവസംസ്കാര ചടങ്ങിൽ, ശരീരത്തെ അടക്കം ചെയ്യുമ്പോൾ, മണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ടു, മണ്ണിലേയ്ക്കുതന്നെ തിരികെ പോകുന്നു എന്ന് അടക്കശുശ്രൂഷയിൽ പുരോഹിതൻമാർ പറയുന്നത് കുഴിച്ചിട്ടശേഷം നമ്മുടെ ശരീരം മണ്ണിനോട് മണ്ണായി അലിഞ്ഞുചേരുന്നു. ന്യായവിധി ദിവസത്തിൽ ദുഷ്ടനായാലും നീതിമാനായാലും എല്ലാവരും ദൈവസന്നിധിയിൽ നിൽക്കണം. അതിന് നമുക്ക് ദൈവം ഒരു മഹത്വമുള്ള ശരീരം നൽകും. ഏത് പ്രായത്തിൽ എങ്ങനെ മരിച്ചുവോ അതേരൂപത്തിൽ കർത്താവിന്റെ മുൻപിൽ നിൽക്കും. നിങ്ങളുടെ സ്വന്തം കണ്ണുകൾ കൊണ്ടുതന്നെ നിങ്ങൾക്ക് അത് കാണാം. ഇയ്യോബും അതുതന്നെ പറയുന്നു. കണ്ണുകളെ ദാനം ചെയ്തിരുന്നാൽ ദൈവം നമുക്കുതരുന്ന മഹത്വമുള്ള ശരീരത്തിൽ അതേ പോലെയുള്ള കണ്ണുകൾ വഴിയായി നമ്മുടെ യേശുക്രിസ്തുവിനെ നേരിട്ടുകാണാം. ന്യായവിധിക്കു മുമ്പിൽ നിൽക്കുവാൻ നമുക്കു കൊടുക്കപ്പെടുന്ന ശരീരത്തിൽ കിഡ്നിയുടെ ആവശ്യമില്ല. മറ്റ് ദാനമായി നൽകപ്പെട്ട അവയവങ്ങളും ആവശ്യമില്ല. മഹത്വശരീര അവയവങ്ങൾ തന്നെ ധാരാളം മതി. രക്തസാക്ഷികളായി മരിച്ചവർ, തീയിൽ വെന്തുമരിച്ചു ചാമ്പലായി പോയവർ, ആകാശത്തിൽ വിമാനയാത്രയിൽ വിമാനം തകർന്ന് പൊട്ടിച്ചിതറി പോയവർ, ആഴക്കടലിൽ താഴ്ന്നുവീണ് മരിച്ചവർ ഇവർക്ക് എല്ലാവർക്കും എന്റെ ഈ മറുപടി മതി.

**ചോദ്യം** :- നിങ്ങളുടെ ഓരോ പ്രസംഗത്തിലും എല്ലാ വിശ്വാസികളും വചനത്തിൻ പ്രകാരം ജീവിക്കണം, എന്തു ചെയ്താലും അത് വചനത്തിന്റെ അടിസ്ഥാ നത്തിൽ തന്നെ ചെയ്യണം എന്ന് പ്രസംഗിച്ചത് ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ ***Dr.*** പുഷ്പരാജ് ആയ താങ്കൾ നിങ്ങളുടെ സ്വന്തം ജീവിതത്തിലും വീട്ടിലും നൂറുശതമാനവും കർത്താവിന്റെ വചനത്തിൻ പ്രകാരമാണോ ചെയ്യുന്നത്? ഇതിനുള്ള മറുപടി നിങ്ങളുടെ മനസ്സാക്ഷിയെ തൊട്ടുപറയണം.

**മറുപടി** :- ഈ ചോദ്യത്തിന് ഞാൻ എന്റെ മനസ്സാക്ഷിയെ തൊടേണ്ട ആവശ്യമില്ല. ചില ദൈവവേലക്കാർ പറയുന്നതുപോലെ മനസ്സുതുറന്നു പറയുന്നത്

എന്നും ഞാൻ പറയുവാൻ പോകുന്നില്ല. ഒരു വിശ്വാസി എന്തു സംസാരിച്ചാലും യേശുക്രിസ്തു നമ്മെ ഉപദേശിച്ചതുപോലെ, ഉള്ളതിന് ഉവ്വ് എന്നും ഇല്ലാത്തതിന് ഇല്ല എന്നും പറയണം. ഞാനും അതുപോലെ തന്നെ പ്രസംഗിക്കുന്നു, എഴുതുന്നു. ഞാൻ 1964 ൽ രക്ഷിക്കപ്പെട്ട കാലം മുതൽ ഇത് എഴുതുന്നു. 2019 ആഗസ്റ്റ് മാസം വരെ, എന്റെ ജീവിതത്തിന്റെ ഓരോരോ പ്രവൃത്തിയിലും ഓരോരോ വർത്തമാനത്തിലും നൂറുശതമാനവും വചനത്തിന് അനുസരിച്ച് മാത്രം ജീവിക്കുവാൻ ശ്രമിക്കുന്നു എന്ന് എനിക്ക് ഉറപ്പിച്ചുപറയുവാൻ കഴിയും. യേശുക്രിസ്തുവിനെപ്പോലെ നൂറുശതമാനത്തിലും ജീവിക്കുന്നു എന്നു പറയുവാൻ ആർക്കും സാധ്യമല്ല. നൂറിന് നൂറ് വചനത്തിൻ പ്രകാരം ജീവിക്കുന്നു എന്ന് പറയുവാനും ആർക്കും സാധ്യമല്ല. പക്ഷേ, നൂറിൽ 98 ശതമാനവും വചനപ്രകാരം ജീവിക്കുവാൻ ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്റെ ആത്മീകവളർച്ചയിൽ അഥവാ എന്റെ പക്വത അഥവാ എന്റെ വ്യക്തിപരമായ പ്രാർത്ഥനാ ജീവിതം എന്റെ ഭാര്യയ്ക്കോ, എന്റെ മകൾക്കോ, എന്റെ കുടുംബത്തിൽ ഉള്ളവർക്കോ ഉണ്ടായിരിക്കണം എന്ന് ഞാൻ പ്രതീക്ഷിക്കാം. പക്ഷേ, അവരെ നിർബന്ധിക്കുവാൻ സാധ്യമല്ലല്ലോ. അങ്ങനെയുള്ള സാഹചര്യത്തിൽ വചനത്തിന്റെ അടിസ്ഥാനത്തിൽ ജീവിക്കുന്നതിൽ ഞാനും ബുദ്ധിമുട്ട് അനുഭവിച്ചിട്ടുണ്ട്. ആ സാഹചര്യത്തിലും എന്റെ മനസ്സാക്ഷിയുടെ അടിസ്ഥാനത്തിൽ ദൈവം മുമ്പാകെ നിൽക്കുമ്പോൾ കുറ്റബോധം ഉണ്ടാകാതെ എന്റെ വ്യക്തിപരമായ ജീവിതത്തെ മാത്രം ഞാൻ സൂക്ഷിച്ചുകൊള്ളുന്നു. ചിലപ്പോൾ ഞാൻ പറയുന്നത് അല്ലെങ്കിൽ പ്രവർത്തിക്കുന്നത് കുടുംബത്തിന് ദോഷം ഉണ്ടാക്കും. കള്ളം പറഞ്ഞാൽ മാത്രമേ ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാവുകയുള്ളൂ എന്ന അവസ്ഥ സംജാതമായാൽ ആ സാഹചര്യത്തിൽ സത്യത്തെ മറയ്ക്കുവാൻ ശ്രമിക്കും. അല്ലെങ്കിൽ കള്ളം പറയാതെ പരിഹരിക്കാൻ ശ്രമിക്കും. അല്ലെങ്കിൽ അവിടെ നിന്നും ഒഴിവാകുവാൻ ശ്രമിക്കും. കള്ളം പറഞ്ഞ് ദൈവത്തിന്റെ മനസ്സിനെ വേദനിപ്പിക്കുവാൻ ഇടവരുത്തിയിട്ടില്ല. എന്നാലും ആ സാഹചര്യത്തിൽ സത്യംപറയാതെ മറച്ച വിഷയത്തെക്കുറിച്ച് തനിച്ചിരുന്ന് ദൈവത്തോട് ക്ഷമചോദിച്ചിട്ടുണ്ട്. വീണ്ടും അങ്ങനെ കള്ളം പറയുവാനുള്ള അവസരം ഉണ്ടാകാതെ ഞാൻ ജാഗ്രതയോടെയിരിക്കും.

വളരെയേറെ വർഷങ്ങൾക്കു മുൻപ് ട്രെയിൻ റിസർവേഷൻ ടിക്കറ്റ് ഒരു അത്യാവശ്യ യാത്രയ്ക്കായി ബ്ലാക്കിൽ നിന്നും വാങ്ങി. ആ ടിക്കറ്റ് എനിക്ക് സംഘടിപ്പിച്ചുതന്ന ബ്രോക്കർ മറ്റൊരാളുടെ പേരിലാണ് ആ ടിക്കറ്റ് വാങ്ങിയത്. ആ ടിക്കറ്റിൽ രേഖപ്പെടുത്തിയിരുന്ന പേരും വയസ്സും എല്ലാം തെറ്റായിരുന്നു. ആ ടിക്കറ്റും വച്ചുകൊണ്ട് ഞാൻ ട്രെയിൻ കയറി അപ്പർ ബെർത്തിൽ കിടന്നു. ട്രെയിനിലെ ***TTE*** എന്നെ പരിചയമുള്ള ആളായിരുന്നു. എന്റെ പേര് ***Dr.*** പുഷ്പരാജ് എന്നത് അദ്ദേഹത്തിന് അറിയാം. ആ ബർത്തിനു താഴെ എന്നെ പരിചയമുള്ള രണ്ട് ലേഡി ഡോക്ടർമാരും ഉണ്ടായിരുന്നു. രാത്രി 11 മണിക്ക് ***TTE*** എന്റെ ബർത്തിന് അടുത്തുവന്നു. താഴെയുള്ളവരുടെ ടിക്കറ്റെല്ലാം പരിശോധിച്ചു. അദ്ദേഹത്തിന്റെ ചാർട്ടിലുള്ള അപ്പർ ബർത്തിലെ ആളിന്റെ പേര് വിളിച്ചു. ഞാൻ മിണ്ടാതെ ഒരു പുസ്തകവും വായിച്ചുകൊണ്ടിരുന്നു. വീണ്ടും അദ്ദേഹം എന്റെ ബെർത്ത് നമ്പർ പറഞ്ഞുകൊണ്ട് വിളിച്ചു. ഉടനെതന്നെ ഞാൻ എന്റെ കയ്യിലുള്ള ടിക്കറ്റിനെ കാണിച്ചു. അന്നത്തെക്കാലത്ത് ഐ.ഡി പ്രൂഫൊന്നും ചോദിക്കാറില്ല. എന്റെ ടിക്കറ്റ് പരിശോധിച്ച ***TTE*** അതിൽ ഉള്ള പേര് എന്റേതല്ല എന്നറിഞ്ഞിട്ടും എന്റെ പ്രായം അതല്ല എന്നറിഞ്ഞിട്ടും ഒന്നും അറിയാത്തതുപോലെ കടന്നുപോയി. ഞാൻ ഒരു ഡോക്ടർ എന്നറിഞ്ഞതു കൊണ്ടായിരിക്കും അയാൾ ഒന്നും ചോദിക്കാതെ കടന്നുപോയത്. ആ രാത്രിയിൽ എനിക്ക് ഉറങ്ങുവാൻ കഴിഞ്ഞില്ല. എന്നെ പരിചയമുള്ള ഡോക്ടർമാരുടെ മുൻപിലും ***TTE*** യുടെ മുൻപിലും ഞാൻ ഇളിഭ്യനായി. എങ്കിലും ആ ബർത്തിൽ കിടന്നു കൊണ്ടുതന്നെ എന്റെ കർത്താവിനോട് ഞാൻ മാപ്പപേക്ഷിച്ചുകൊണ്ടേയിരുന്നു. പല മാസങ്ങൾ കഴിഞ്ഞിട്ടും ആ കുറ്റബോധം എന്റെ മനസ്സിൽനിന്നും മാഞ്ഞുപോയില്ല. ആ സംഭവത്തിനുശേഷം ഒരിക്കലും നേരത്തെ സീറ്റ് റിസർവുചെയ്യാതെ ഞാൻ യാത്രചെയ്തിട്ടില്ല. ഞാൻ ചെയ്യുന്ന എന്റെ ദൈവവേല പല മാസങ്ങൾക്കുമുമ്പെ പദ്ധതിയിടുന്നതാണ്. അതുകൊണ്ട് മൂന്ന് മാസങ്ങൾക്ക് മുമ്പുതന്നെ ഓരോ ആഴ്ചയിലേയും യാത്ര ഞാൻ റിസർവ് ചെയ്തുവയ്ക്കും.

യേശുക്രിസ്തുവിനെപ്പോലെ ജീവിക്കുവാൻ സാധിക്കുമോ എന്നുള്ള നിങ്ങളുടെ രണ്ടാമത്തെ ചോദ്യത്തിന്, തീർച്ചയായും അതിന് സാധിക്കുകയില്ലയെന്നാണ് എന്റെ മറുപടി. ഇവിടെയും അതിനുവേണ്ടി ശ്രമിക്കുന്നു എന്നു

മാത്രമേ എനിക്കു പറയുവാൻ കഴിയുകയുള്ളൂ. യേശുക്രിസ്തുവിനാൽ തെര ഞ്ഞെടുക്കപ്പെട്ട പത്രോസിനെപ്പോലെതന്നെ യേശുവിന്റെ പന്ത്രണ്ടു ശിഷ്യൻമാർക്കും യേശുക്രിസ്തുവിനെപ്പോലെ ജീവിക്കുവാൻ സാധിച്ചില്ല. പക്ഷേ, യേശു ക്രിസ്തുവിനെ നേരിൽ കാണുവാൻ സാധിച്ചിട്ടില്ലാത്ത, ക്രിസ്തു വിനാൽ തെരഞ്ഞെടുക്കപ്പെട്ട പൗലോസ് അപ്പോസ്തലൻ മാത്രം ഇപ്രകാരം പറയുന്നു, യേശുക്രിസ്തുവിന്റെ സകല അടയാളങ്ങളും ഞാൻ ധരിച്ചിരിക്കു ന്നു. അതുകൊണ്ട് എന്നെ നോക്കുവിൻ എന്നു പറഞ്ഞ ഏക വ്യക്തി പൗലോസ് മാത്രമാണ്. പക്ഷേ, ദൈവവേല യുടെ പാതയിൽ, വിശുദ്ധ ജീവിതത്തിൽ, പൗലോസ് അപ്പോസ്തലൻ യേശുവിനെപ്പോലെ വിശുദ്ധമായ ജീവിതം നയി ക്കുവാൻ കഴിയാതെ പോയാലും റോമാ ലേഖനം 7 ൽ എഴുതിയ പ്രകാരം, പാപചിന്തകളെ ജയിച്ച് ജീവിച്ചുകാണിച്ചു. അതേസമയം, പൗലോസ് അപ്പോ സ്തലന്റെ ഉള്ളിലുണ്ടായിരുന്ന ജഡീക ബലഹീനത കൂടെക്കൂടെ അദ്ദേഹ ത്തിന്റെ സാക്ഷ്യത്തെക്കുറിച്ച് ശിഷ്യൻമാരുടെ ഇടയിൽ പ്രശ്നങ്ങൾ ഉണ്ടാ ക്കി. അത് വലിയ ലൈംഗിക പാപവികാര വിഷയമല്ല, അത് ഒരു മാനുഷിക മായ ബലഹീനതയാണ്. അതുകാരണം, മറ്റ് ശിഷ്യൻമാരോ ടൊപ്പം പൊതു ത്തപ്പെടുവാൻ സാധിച്ചില്ല. അതുകൊണ്ട് തന്നോട് ചേർന്ന് പ്രവർത്തിക്കുന്ന ദൈവവേലക്കാരെ മാറ്റിക്കൊണ്ടേയിരുന്നു. പക്ഷേ അവർ ആരെയും പൗലോസ് അപ്പൊസ്തലൻ പകച്ചിട്ടില്ല, വെറുത്തിട്ടില്ല. ശീലാസിനോടും ബർണബാസി നോടും യോജിച്ചുപോകുവാൻ കഴിയാതെ പോയി. അതിന്റെ പ്രധാന കാര ണം, പൗലോസ് വളരെ താമസിച്ച് യേശുക്രിസ്തുവിനെ സ്വീകരിച്ചു എങ്കിലും ആത്മീക ജീവിതത്തിൽ പത്രോസിനേക്കാളും മറ്റുള്ള ശിഷ്യൻമാരേക്കാളും കൂടുതൽ പക്വത ഉണ്ടായിരുന്നവൻ ആയിരുന്നു. മറ്റെല്ലാ ശിഷ്യൻമാരേക്കാളും വിദ്യാഭ്യാസം ഉണ്ടായിരുന്നതും മറ്റൊരുകാരണമാണ്. അതുകൊണ്ട് തന്നെ പ്പോലെ തന്നെ തന്റെ സഹപ്രവർത്തകരും ജീവിക്കണം എന്ന് അദ്ദേഹം ആഗ്ര ഹിച്ചു. പൗലോസ് അപ്പോസ്തലന്റെ ആത്മീക വേഗതയിൽ ഒപ്പമെത്തുവാൻ ആർക്കും കഴിഞ്ഞില്ല. ഇതേ അവസ്ഥ തന്നെയാണ് പല ദൈവവേലക്കാരു ടേയും വിശ്വാസികളുടേയും കുടുംബജീവിതത്തിൽ സംഭവിക്കുന്നത്. തന്റെ ആത്മീയ പക്വതയ്ക്കനുസരിച്ച് തന്റെ ഭാര്യയും മക്കളും വരണം എന്ന് പ്രതീ ക്ഷിക്കുന്നത് നല്ലതാണ്. പക്ഷേ, അത് വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. ഒരു ഭാര്യ, അല്ലെങ്കിൽ ഭർത്താവ് തന്റെ പ്രാർത്ഥനാ ജീവിതത്തിൽ ഉള്ള

ആത്മീക പക്വത മറ്റുള്ളവരുടെ പക്കൽ ഇല്ലായെങ്കിൽ ആരും ആരേയും അതിന് നിർബന്ധിക്കുവാൻ പാടില്ല. ആത്മീയത്തിൽ നമ്മോട് തുല്യത ഇല്ലാത്തവരോ ടൊപ്പം ചേർന്ന് പ്രാർത്ഥിക്കുവാനും കഴിയുകയില്ല. പക്ഷേ, ഒരു കടമയ്ക്കു വേണ്ടി പ്രാർത്ഥിക്കാം എന്നേയുള്ളൂ.

മത്താ:18:19 ൽ പറയുന്നു, നിങ്ങളിൽ രണ്ടുപേർ എന്നോട് ചോദിക്കുന്ന ഏതു കാര്യത്തിലും ഒന്നായിരിക്കണം. എന്നാൽ മാത്രമേ പിതാവ് നിങ്ങൾക്കു അത് നൽകു എന്ന് യേശുക്രിസ്തു പറഞ്ഞു. അതുകൊണ്ട് ആത്മീക ജീവിത ത്തിലും പ്രാർത്ഥനാ ജീവിതത്തിലും ഭാര്യയും ഭർത്താവും ആയ നിങ്ങളിൽ ആരെങ്കിലും ഒരാൾ ആത്മീക കാര്യത്തിൽ കുറഞ്ഞുകാണപ്പെട്ടാൽ അവരെ നിങ്ങൾ വെറുക്കരുത്. അലക്ഷ്യപ്പെടുത്തുവാനും പാടില്ല. അത് കുടുംബസമാ ധാനത്തെ നശിപ്പിക്കും. നിങ്ങളുടെ ആത്മീക ജീവിതത്തിനു സമാനമായി ചേർന്നുവരാൻ കഴിയാതെ വന്നാൽ അവർക്കുവേണ്ടി നിങ്ങളുടെ രഹസ്യ പ്രാർത്ഥ നയിൽ പ്രാർത്ഥിക്കണം. ആത്മീയത്തിൽ ബലഹീനരായവരുടെ മുമ്പിൽ അവർ കേൾക്കുവാൻതക്കവണ്ണം കുറവുകളെ ചൂണ്ടിക്കാണിച്ച് അവ രുടെ മുമ്പിൽ പ്രാർത്ഥിക്കുവാൻ പാടില്ല. അങ്ങനെ പ്രാർത്ഥിച്ചാൽ ആ വ്യക്തികൾക്ക് പ്രാർത്ഥനയോട് വെറുപ്പ് ഉണ്ടാകും. സ്വഭാവത്തെ മാറ്റുന്നവൻ നമ്മുടെ ദൈവം മാത്രമാണ്. കർത്താവേ, എന്റെ വിശ്വാസജീവിതത്തിൽ, എന്റെ ദൈവവേലയിൽ എന്റെ ഭാര്യയെ അഥവാ എന്റെ ഭർത്താവിനെ യോഗ്യരാക്കേ ണമേ എന്ന് പ്രാർത്ഥിക്കുക.

**ചോദ്യം** :- നിങ്ങളുടെ 79 വർഷ അനുഭവത്തിൽ ***C.S.I*** സഭ-മാർത്തോമാ സഭ - ലൂഥറൻ സഭ അച്ചൻമാരിൽ ആരെങ്കിലും സഭയിലുള്ള അംഗങ്ങൾക്കുവേണ്ടി തന്റെ രഹസ്യ പ്രാർത്ഥനയിൽ യഥാർത്ഥമായി പ്രാർത്ഥിച്ചത് നിങ്ങൾ അറി ഞ്ഞിരിക്കുന്നുവോ?

**മറുപടി** :- ഉണ്ട്, പക്ഷേ, വിരലിലെണ്ണാവുന്ന അച്ചൻമാർ മാത്രം. ഭൂരിപക്ഷ അച്ചൻമാരും പൊതുവായി പ്രാർത്ഥിക്കുന്നവരാണ്. കർത്താവേ, ഞങ്ങളുടെ സഭയിലെ രോഗികളായ എല്ലാവർക്കും പ്രശ്നങ്ങൾ ഉള്ള എല്ലാവർക്കുംവേണ്ടി

പ്രാർത്ഥിക്കുന്നു എന്നു പറഞ്ഞ് പ്രാർത്ഥിക്കും. ഇത് പല അച്ചൻമാരോടും ചോദിച്ചറിഞ്ഞ് എഴുതുന്ന മറുപടിയാണ്. പ്രശ്നങ്ങൾ ഉള്ളവരുടേയും രോഗികൾ ആയവരുടേയും പേരുകൾ എഴുതിവച്ച് ഓരോരുത്തർക്കും വേണ്ടി പ്രത്യേകം പ്രത്യേകം പ്രാർത്ഥിക്കുന്ന അച്ചൻമാർ ചുരുക്കമാണ്. എന്റെ ഓർമ്മയിൽ ഒരു അച്ചനെക്കുറിച്ച് എനിക്ക് നന്നായറിയാം. 1965–ാം വർഷം ഒരു കൺവെൻഷനിൽ ഞാൻ പ്രസംഗിക്കുവാൻ പോയപ്പോൾ അച്ചന്റെ വീട്ടിലാണ് എനിക്ക് താമസം ഏർപ്പാടു ചെയ്തിരുന്നത്. ആ അച്ചന്റെ പേര് റവ. ***W.C.*** ഡേവിഡ് എന്നാണ്. അതിരാവിലെ 5 മണിക്ക് കുടുംബ പ്രാർത്ഥന ചെയ്തും അച്ചനും ഭാര്യയും മക്കളും എല്ലാവരും ചേർന്നാണ് പ്രാർത്ഥന ചെയ്യുന്നത്. അതിനുശേഷം അച്ചനും കൊച്ചമ്മയും അവരവരുടെ കൈകളിൽ എഴുതിവച്ചിരുന്ന സഭയിലെ പ്രശ്നങ്ങളും രോഗികളായവരുടെ പേരുവിവരങ്ങളടങ്ങിയ കുറിപ്പും വച്ച് പ്രാർത്ഥിച്ചു. അച്ചൻ മറന്നത്, കൊച്ചമ്മ ഓർമ്മപ്പെടുത്തും. കൊച്ചമ്മ വിട്ടുപോയവരെ അച്ചൻ ഓർമ്മപ്പെടുത്തി പ്രാർത്ഥിക്കും. അതുപോലെയുള്ള ഏഴെട്ട് അച്ചന്മാരെ എനിക്ക് പേരെടുത്ത് പറയുവാൻ കഴിയും. മാർത്തോമ്മാ സഭയിൽ (മാങ്ങാനം) ഒരച്ചൻ ഉണ്ടായിരുന്നു. അവരും ഭാര്യയും ഭർത്താവുമായി ചേർന്ന് പ്രാർത്ഥിക്കുമായിരുന്നു. ഇതുപോലെയുള്ള പ്രാർത്ഥനയ്ക്ക് സത്യമായും ശക്തിയുണ്ട്. എനിക്ക് ഓരോ ദിവസവും 100 മുതൽ 150 വരെ പ്രാർത്ഥനാ കുറിപ്പുകൾ വരും. കത്ത് തുറന്നുവായിച്ച ഉടൻതന്നെ ഒരു നിമിഷം അപ്പോൾതന്നെ പ്രാർത്ഥിക്കും. മറുപടിമാത്രം താമസിച്ച് എഴുതും. രണ്ടാഴ്ചയിൽ ഒരിക്കൽ എല്ലാ പ്രാർത്ഥനാകുറിപ്പിലും ഉള്ള പ്രാർത്ഥനാവിഷയങ്ങൾ ഒരു പേപ്പറിൽ എടുത്ത് എഴുതി എന്റെ യാത്രയിലും പോകുന്ന സ്ഥലങ്ങളിലും വച്ച് ആ വിഷയങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കും.

യേശുക്രിസ്തുവും ജഡത്തിൽ ആയിരുന്ന നാളുകളിൽ ആത്മാക്കൾക്കുവേണ്ടി നിലവിളിയോടും കണ്ണുനീരോടും കൂടി പ്രാർത്ഥിച്ചു എന്ന് എബ്രാ:5:7 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

# ദൈവശിക്ഷയോ ...
# ദൈവം അനുവദിച്ചതോ...

**ചോദ്യം:–** ദൈവവേലക്കാർ പ്രത്യേകമായി ബിഷപ്പുമാർ, മോഡറേറ്റർ തുടങ്ങിയവർ രോഗക്കിടക്കയിൽ വീണാൽ അല്ലെങ്കിൽ അപകടത്തിൽപ്പെട്ടാൽ അതു പാപത്താൽ ഉണ്ടായ ശിക്ഷയാണോ? അതൊ ദൈവം അനുവദിച്ചതാണോ?

**മറുപടി:–** ഈ ചോദ്യം എന്നെ പ്രശ്നത്തിൽ അകപ്പെടുത്തുന്ന ചോദ്യമാണ്. നിങ്ങളുടെ കത്തിൽ ബിഷപ്പുമാരിൽ ഒരാളെക്കുറിച്ച് എഴുതിയതു കൊണ്ട് ഇതിന് ഞാൻ മറുപടി പറഞ്ഞാൽ ചിലപ്പോൾ അത് അവരെ ബ്ലാക്മെയിൽ ആകുമോ? ചില ബിഷപ്പുമാരെ ഞാൻ ഭീഷണിപ്പെടുത്തുവാൻ എഴുതിയതാണോ അല്ലെങ്കിൽ പ്രതികാരത്തിനായി എഴുതിയതാണോ എന്നു സംശയം തോന്നാം ചിലപ്പോൾ അവരെ അപമാനിക്കാൻ എഴുതിയതാണോ എന്നും സംശയിക്കാം. നിങ്ങൾ എന്തു ചിന്തിച്ചാലും എന്റെ മറുപടി വേദ വചനത്തിനടിസ്ഥാനത്തിൽ തന്നെ ആയിരിക്കും. ഇതു എന്റെ സ്വന്ത സങ്കല്പമല്ല ആരെയും അപമാനപ്പെടുത്താനും അല്ല എന്നത് ഇത് എഴുതാൻ പ്രേരിപ്പിച്ച എന്റെ ദൈവത്തിനു അറിയാം. ആരു വെറുത്താലും ദേഷ്യപ്പെട്ടാലും ഞാൻ അത് കാര്യമാക്കുന്നില്ല ഭയപ്പെടുന്നുമില്ല.

- നിങ്ങളുടെ ചോദ്യത്തിനു മറുപടി നിങ്ങൾ സൂചിപ്പിച്ച ബിഷപ്പുമാർ, മോഡറേറ്റർ, സുവിശേഷകർ ഇവർ മാനസാന്തര അനുഭവം ലഭിച്ചവരായിരുന്നാൽ ദൈവ വചന അടിസ്ഥാനത്തിൽ അവരുടെ ഉപദേശം ഉണ്ടായിരുന്നാൽ മുകളിൽ പറഞ്ഞ വിഷയങ്ങൾ ശിക്ഷയായി കൊടുക്കപ്പെട്ടതല്ല അതു ദൈവത്താൽ അനുവദിക്കപ്പെട്ടതാണ്. (ലൂക്കോ: 22:30–32, വിലാ 3:33) അങ്ങനെ അനുവദിക്കപ്പെട്ട രോഗവും അവകാശങ്ങളും അവരുടെ ആത്മീക വിശ്വാസത്തെ ബലപ്പെടുത്തുന്നതായിരിക്കും. അവർക്ക് ആത്മീക സമാധാനം ആ പ്രശ്നങ്ങളുടെ ഇടയിൽ ദൈവം നൽകും. അതിനെ വിവരിക്കാൻ സാധിക്ക

ത്തില്ല. ചങ്ങലയിൽ കെട്ടപ്പെട്ടു കാരാഗ്രഹത്തിൽ ഇരുന്ന പൌലൂസും ശീലാസും അടികൊണ്ട മുറിവിന്റെ വേദനയുടെ ഇടയിലും ദൈവത്തെ പാടി സ്തുതിച്ചു. അവർ പിറുപിറുക്കാൻ ഇടയായില്ല.

- നിങ്ങൾ പറഞ്ഞ അതേ ദൈവവേലക്കാർ, നേതാക്കൾ മാനസാന്തര അനുഭവം ഇല്ലാത്തവരായിരുന്നാൽ, വചന അടിസ്ഥാനത്തിൽ ദൈവവേല ചെയ്യാതിരുന്നാൽ ദൈവവചനത്തിനു തന്റെ സ്വന്ത വ്യാഖ്യാനങ്ങളെ കൊടുത്ത് തന്റെ ജീവിതത്തെയും നഷ്ടപ്പെടുത്തി സഭാ ജനങ്ങളെയും തെറ്റായ വഴിയിൽ നടത്തുന്നു.

## അറിഞ്ഞിട്ടും തെറ്റുചെയ്യുന്നവനു കൂടുതൽ അടി കിട്ടും


ഉസ്സിയാ രാജാവ് ദൈവാലയത്തിൽ ധൂപകലശം കാട്ടുമ്പോൾ പുരോഹിത ന്മാർ തടഞ്ഞു. **ന്യായപ്രമാണ നിയമം** രാജാവിനു നല്ലവണ്ണം അറിയാം. എന്നാലും എന്റെ ദൈവത്തിനു ശുശ്രൂഷ ചെയ്യണം എന്നുള്ള ആഗ്രഹത്തിൽ നിയമം ലംഘിച്ച് തന്റെ യോഗ്യതയെക്കുറിച്ചു ചിന്തിക്കാതെ ധൂപകലശം ദൈവ സന്നിധിയിൽ കാണിക്കാൻ തുടങ്ങി. അതേ സ്ഥലത്തുവച്ച് രാജാവിന്റെ നെറ്റിയിൽ കുഷ്ഠം ഉണ്ടായി. ലേവ്യപുസ്തകം 13–ാം അദ്ധ്യായത്തിൽ എഴുതിയിരിക്കുന്ന നിയമപ്രകാരം കുഷ്ഠരോഗം വന്നാൽ ആദ്യം പുരോഹിതനെ കാണിക്കണം. രാജാവിന്റെ നെറ്റിയിൽ കുഷ്ഠം ഉണ്ടായതുകൊണ്ട് പുരോഹിതനും, ജനങ്ങളും അതു കാണാൻ ഇടയായി. നിയമപ്രകാരം രാജാവിനെ പാളയത്തിന് പുറത്ത് അയക്കേണ്ടി വന്നു. രാജാവ് ദൈവത്തെ സ്നേഹിച്ചു. അവൻ ചെയ്യാൻ ശ്രമിച്ചത് ദൈവവേല. പക്ഷെ യോഗ്യത ഇല്ലാത്തതുകൊണ്ടും ന്യായപ്രമാണനിയമം ലംഘിച്ചതുകൊണ്ടും അവൻ ശിക്ഷിക്കപ്പെട്ടു.

## കഴിഞ്ഞ കാലങ്ങളിൽ ദൈവവേലക്കാർ, ബിഷപ്പുമാർ, മോഡറേറ്റർ മുതലായവർക്ക് ഉണ്ടായ രോഗം – മരണം

C.S.I. മാർത്തോമാ, ലൂഥറൻ സഭകളിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ സംഭവങ്ങളെ ശ്രദ്ധിച്ചാൽ അവർക്കുണ്ടായ രോഗം മരണം എല്ലാത്തിനും ദൈവ കോപം തന്നെ കാരണം എന്നു മനസ്സിലാക്കാൻ സാധിക്കും.

## ബിഷപ്പ് സാമുവേൽ അമൃതം

ബിഷപ്പ് സാമുവേൽ അമൃതം അവർകൾ നല്ല വേദപണ്ഡിതനും സാധു ക്കളുടെ കുടുംബങ്ങൾക്ക് അവരുടെ മരണം വരെ സഹായിക്കാനുള്ള നല്ല പദ്ധതിയോടു കൂടിയുള്ള സംഘടന തുടങ്ങുകയും ചെയ്തു. ഇത് ആരും ചെയ്യാത്ത നല്ല സാമൂഹ്യസേ വനമാണ്. ഇങ്ങനെ നല്ല സ്വഭാവങ്ങൾ ഉണ്ടായിരു ന്നാലും സഭാ ഇടയന്മാരെ നിർമ്മിക്കുന്ന മധുര ***(TTC)*** ബൈബിൾ കോളേജിൽ ഇദ്ദേഹം പ്രിൻസിപ്പാളായി രുന്ന കാലത്ത് ഹൈന്ദവ ദൈവങ്ങളുടെ പ്രതിമ ബൈബിൾ കോളേജിന്റെ പ്രവേശന കവാടത്തിൽ നിർത്തി. കാണുന്നവൻ ഇതു ഹൈന്ദവക്ഷേത്രം എന്നു വിചാരിക്കും. ഇത് അദ്ദേഹത്തിന്റെ അടി സ്ഥാന ഉപദേശത്തെ വെളിപ്പെടുത്തി. ആ ഭയങ്കര ഉപദേശമായ **എല്ലാ മതവും ഒന്ന്, എല്ലാ ദൈവവും ഒന്ന്** എന്നുള്ള അദ്ദേഹത്തിന്റെ ആശയത്തെ വെളി പ്പെടുത്തി. ഈ ഉപദേശം അവിടെ പഠിക്കുന്ന അച്ചന്മാർ കൈക്കൊണ്ടു അവര വരുടെ സഭകളിൽ ഉപദേശിക്കും.


Bishop Samuel Amirtham

**നമ്മുടെ ദൈവം ഞാൻ തന്നെ വഴി ഞാൻ തന്നെ സത്യം, ഞാൻ തന്നെ ജീവൻ ഞാൻ തന്നെ വാതിൽ** എന്ന് പറഞ്ഞ് ഈ വാതിലിലൂടെ പ്രവേ ശിക്കുന്നവനല്ലാതെ ആരും നിത്യജീവനിൽ പ്രവേശിക്കുന്നില്ല എന്നു പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ഇദ്ദേഹം പറഞ്ഞു. എല്ലാ ദൈവവും ഒന്ന് എന്ന ഉപ ദേശം കർത്താവ് പറഞ്ഞ ഉപദേശത്തിന് നേർ വിപരീതം. സാമുവേൽ അമൃതം അവർകൾക്കു പദവി ഉയർന്നു ബിഷപ്പായി മാറി.

### നവീന ഉപദേശം

***Rt. Rev.*** ശാമുവേൽ അമൃതം അവർകൾ തന്റെ ഡയോസിസിൽ പുറപ്പെ ടുവിച്ച പുതിയ പ്രസ്താവനയിൽ കേരള ഹൈന്ദവ ജനങ്ങൾ ആഘോഷി

ക്കുന്ന ഓണം, വിഷു എന്ന കേരള സംസ്കാര പെരുന്നാളുകൾ കേരളത്തിലെ ക്രിസ്ത്യാനികളും ***CSI*** സഭകളിൽ ആഘോഷിക്കണം എന്നെഴുതി.

- ☐ ***CSI*** സഭ ആരാധനയിൽ ഒന്നാം വേദപാഠം, രണ്ടാം വേദപാഠം എന്ന ഒരു ആരാധനക്രമം ഉണ്ട്. അതിൽ ഒരു വേദപാഠമായിട്ട് ഹൈന്ദവമതഗ്രന്ഥമായ ഗീതയിൽ നിന്നും വായിക്കണം എന്ന് അറിയിച്ചു.

ഈ വിവരങ്ങൾ അച്ചന്മാർ എനിക്കെഴുതി. ഉടനെ ജാമക്കാരനിലും ഈ ഉപദേശം വേദവിപരീതമാണ്, സഭക്കാർ എല്ലാപേരും ഞങ്ങൾ അതിനെ എതിർക്കുന്നു എന്ന് രേഖാമൂലം ബിഷപ്പിനും മേഡറേറ്റർക്കും അറിയിക്കണം എന്ന് എഴുതി. ഉടൻ തന്നെ ആ ഏർപ്പാടുകൾ നിർത്തപ്പെട്ടു.


## ബിഷപ്പവർകളുടെ തെറ്റായ സാക്ഷ്യം

ക്രിസ്തുവിൽ മാത്രം രോഗസൗഖ്യം എന്ന് വാശിപിടിക്കരുത്. മറ്റു ദൈവങ്ങളിലും രോഗസൗഖ്യം കിട്ടും. ഞാൻ കിഡ്നിയിൽ കല്ല് ഉണ്ടായിട്ട് ഭയങ്കര വേദനയിൽ ആശുപത്രിയിൽ കിടക്കുമ്പോൾ എന്റെ വേദനയെകണ്ട് അച്ചൻമാർ എല്ലാപേരും എനിക്ക് വേണ്ടി പ്രാർത്ഥിച്ചു. പ്രത്യേക പ്രാർത്ഥനകൾ സഭകയിലും സംഘടിപ്പിച്ചു. ആ സമയം തിരുവനന്തപുരത്ത് പ്രസംഗിച്ചുകൊണ്ടിരുന്ന രോഗശാന്തി വരമുള്ള ഒരു സുവിശേഷകനേയും കൂട്ടിക്കൊണ്ടുവന്നു. അദ്ദേഹവും എനിക്കുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിച്ചു. ഒരു മാറ്റവും വന്നില്ല. ഞാൻ ആശുപത്രിയിൽ രോഗക്കിടക്കയിൽ കിടക്കുന്ന വിവരം എന്റെ സുഹൃത്തായ ഒരുശിവഭക്തൻ കേട്ട് ആശുപത്രിയിൽ വന്നു. എനിക്കുവേണ്ടി അവൻ പ്രാർത്ഥിച്ചു. ഭസ്മം നെറ്റിയിൽ ഇട്ടു. അത് ഒരു പേപ്പറിൽ പൊതിഞ്ഞ് എന്റെ തലയണയുടെ അടിയിലും വച്ചു. ഉടൻ അദ്ദേഹം മടങ്ങിപ്പോയി. മടങ്ങിപ്പോയി 10–ാം നിമിഷം എന്റെ വേദനകൾ എല്ലാം മാറി. സൗഖ്യത്തോടു ഞാൻ വീട്ടിലേക്ക് മടങ്ങി. ഈ സാക്ഷി ക്രൈസ്തവ ദീപികയിൽ പരസ്യപ്പെടുത്തി. ഈ സാക്ഷി മുഖാന്തിരമായി ബിഷപ്പു അവർകൾ പറയാൻ ഉദ്ദേശിച്ചത് എന്താണെന്ന് വായനക്കാർക്കു തീർച്ചയായും മനസ്സിലാകും. ക്രിസ്തുവിനെ ഉയർത്താൻ ബിഷപ്പു പദവിയിൽ എത്തിച്ചേർന്ന് അദ്ദേഹം ഒരു വിഗ്രഹദൈവത്തെ പുകഴ്ത്തിപ്പറഞ്ഞത് ദൈവകോപത്തിന് കാരണമായി.

അതുകാരണം ഇദ്ദേഹത്തിന്റെ കുടുംബം തകർന്നു. സന്തോഷവും സമാധാനവും നഷ്ടപ്പെട്ടു. മകളുടെ പ്രശ്നത്തിൽ വിഷമങ്ങൾ വർദ്ധിച്ചു. ഒരു ദിവസം സ്ട്രോക്ക് വന്ന് കൈകാലുകൾ തളർന്ന് സംസാരിക്കുവാൻ പ്രയാസം വന്ന് കിടപ്പിലായി മരണം സംഭവിച്ചു.

## ഇത് ദൈവകോപത്താൽ വന്നതോ ദൈവം അനുവദിച്ചതോ നോർത്ത് കേരള *C.S.I* ഡയോസിസ് ബിഷപ്പ് *Rt. Rev. Dr. K.P* കുരുവിള (തിരുവനന്തപുരം കണ്ണമ്മൂല സെമിനാരി പ്രിൻസിപ്പാൾ)

കണ്ണമ്മൂല സെമിനാരി പ്രിൻസിപ്പലായി പ്രവർത്തിച്ചപ്പോൾ ***Dr. K.P.*** കുരുവിള അവർകൾ ഒരു ലഘുലേഖ ഇറക്കി. അതിന്റെ കോപ്പി സെമിനാരി അദ്ധ്യാപകരും പഠിക്കുന്ന വിദ്യാർത്ഥികളും എനിക്കയച്ചു. ഇതിന്റെ യഥാർത്ഥ വിവരം എന്താണെന്ന് ചോദിച്ചു.


**Rt. Rev. K.P. Kuruvilla**

യേശുക്രിസ്തു കഷ്ടപ്പാടുകൾ അനുഭവിച്ചപ്പോൾ മൂന്നു പ്രാവശ്യം പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞു. ആ സമയത്ത് കോഴികൂകി. ഈ വിഷയത്തെ ഡോ. കുരുവിള അവർകൾ അതു കോഴികൂകിയ ശബ്ദമല്ല റോമ പട്ടാളക്കാർ ഉപയോഗിച്ച വാദ്യ ഉപകരണത്തിൽ നിന്നുവന്ന ശബ്ദമാണ് എന്ന് എഴുതി. ഈ വിവരങ്ങൾ ലോകത്തിലുള്ള പല ലൈബ്രറിയിൽ നിന്ന് ചരിത്രപുസ്തകങ്ങളെ ഗവേഷണം നടത്തി എഴുതിയതാണ്. അതുകൊണ്ട് അതു കോഴികൂകിയ ശബ്ദമല്ല എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു എന്ന് അറിയിച്ചു. ഇത് യേശു പറഞ്ഞതിന്

എതിരാണ്. യേശു പത്രോസിനോട് കോഴി കൂവുന്നതിനു മുമ്പ് നീ എന്നെ മൂന്നുപ്രാവശ്യം തള്ളിപ്പറയും എന്നു പറഞ്ഞു. ***Dr.*** കുരുവിളയുടെ ഗവേഷണം ശരിയായാൽ യേശു പറഞ്ഞത് **കള്ള പ്രവചനമോ?** ഈ ചോദ്യത്തിന് ***Dr.*** കുരുവിള മറുപടിയൊന്നും പറഞ്ഞിട്ടില്ല.


ഇദ്ദേഹത്തെ ബിഷപ്പായി തിരഞ്ഞെടുത്ത പിറ്റെ ദിവസം അതിരാവിലെ ഏഴു മണിക്ക് ഞാൻ നേരിട്ട് കണ്ണമ്മൂല വന്നു. ആ സമയം അദ്ദേഹത്തെ ബിഷപ്പായി തിരഞ്ഞെടുത്ത വിവരം അദ്ദേഹം അറിഞ്ഞിട്ടില്ല. രാത്രി 11 മണിക്ക് ഫോൺവഴി ബിഷപ്പായി തിരഞ്ഞെടുത്ത വിവരം സിനഡിലുള്ള ചിലർ എന്നെ അറിയിച്ചു. അതുകൊണ്ടാണ് രാവിലെ കണ്ണമ്മൂല ചെന്ന് ഈ സന്തോഷവാർത്തയെ അറിയിച്ചു. ***Dr.*** കുരുവിള അവർകൾക്കും കൊച്ചമ്മക്കും നേരത്തേ എന്റെ മേൽ നല്ല അഭിപ്രായവും ഇഷ്ടവും ഉണ്ടായിരുന്നു. രാവിലെ ആദ്യത്തെ ന്യൂസായി അദ്ദേഹത്തെ അറിയിച്ചു. അഭിനന്ദനം പറഞ്ഞു പ്രാർത്ഥിച്ചു മടങ്ങി. കാറിൽ കയറുമ്പോൾ അദ്ദേഹത്തോട് അദ്ദേഹത്തിന്റെ തെറ്റായ ഉപദേശത്തെക്കുറിച്ച് സംസാരിച്ചു. അദ്ദേഹം എതിരെ ഒന്നും പറഞ്ഞില്ല. അവസാനമായി ഞാൻ പറഞ്ഞത് നിങ്ങൾ ബിഷപ്പാകാൻ പോകുന്നു. ഡയോസിസിൽ നേരത്തേ വിശ്വാസത്തിൽ തളർന്നുകിടക്കുന്ന ജനങ്ങൾക്കു **യേശു പറഞ്ഞത് സത്യമല്ല എന്റെ ഗവേഷണമാണു സത്യം** എന്നു പറഞ്ഞാൽ ജനങ്ങളുടെ വിശ്വാസം എന്താകും? ദയവായി ഇങ്ങനെയുള്ള നവീന ഉപദേശങ്ങൾ ജനങ്ങൾക്കറിയിക്കുരുത് എന്ന് പറഞ്ഞു ഞാൻ കാറിൽ കയറി. അതുവരെ എന്നോട് നല്ല ബഹുമാനത്തോടു ചിരിച്ചു സന്തോഷത്തോടു സംസാരിച്ച അദ്ദേത്തിന്റെ മുഖം മാറി. ആ മിനിറ്റു മുതൽ അദ്ദേഹം എന്നെ വെറുക്കാൻ തുടങ്ങി. നോർത്തു കേരളയിൽ നടന്ന എന്റെ യോഗത്തിൽ അദ്ധ്യക്ഷം വഹിക്കാൻ അച്ചന്മാരും കമ്മറ്റിയും ക്ഷണിച്ചപ്പോൾ അദ്ദേഹം ക്ഷണം നിരസിച്ചു. അതുമാത്രമല്ല നോർത്ത് കേരള ഡയോസിസിൽ എന്നെ കൺവെൻഷനിൽ ക്ഷണിക്കുന്നത് അദ്ദേഹത്തിന് ഇഷ്ടമില്ല എന്ന് അച്ചൻമാർ എന്നെ അറിയിച്ചു. എന്നാലും അദ്ദേഹം ബിഷപ്പായിരുന്നപ്പോൾ ഏകദേശം 50–60 സഭകളിൽ അച്ചന്മാരും കമ്മറ്റിയും എന്നെ ഉപയോഗിച്ചു.

ഡയോസിസിൽ ദൈവസാന്നിദ്ധ്യം നീങ്ങിപ്പോയി പ്രശ്നങ്ങളോടു പ്രശ്നങ്ങൾ ഉണ്ടാകാൻ തുടങ്ങി. സ്കൂൾ കോളേജ് അഡ്മിഷൻ 85 കോടി വാങ്ങിയതായി ആരോപണം വന്നു അന്വേഷണം ഉണ്ടായി. ഈ സംഭവം കേരളത്തിൽ ഉണ്ടായി പക്ഷെ ഇംഗ്ലണ്ടിൽ ഉള്ള ന്യൂസ് പേപ്പറിൽ ആദ്യമായി പുറത്തുവന്നു. 2011 ജനുവരി 8–ാം തീയതി ചർച്ച് ഓഫ് ഇംഗ്ലണ്ട് ന്യൂസ്പേപ്പർ പേജ് 8 ൽ ഈ വിവരങ്ങൾ പരസ്യപ്പെടുത്തിയിരുന്നു. അതിനുശേഷമാണ് മനോരമ പത്രത്തിലും ഏഷ്യാനെറ്റിലും വന്നത്. ഈ പണവെട്ടിപ്പിൽ പ്രധാന കാരണക്കാരൻ ഡയോസിസ് ഓഫീസിൽ ഉള്ള മാനേജർ അച്ചനാണ് എന്നു പലർ പറഞ്ഞത് ഞാൻ കേട്ടു. പക്ഷേ അന്വേഷണത്തിൽ ബിഷപ്പാണ് അകപ്പെട്ടത്. വെട്ടിപ്പു നടത്തിയത് മാനേജരായിരുന്നാലും ബിഷപ്പിന് അതിൽ വലിയ പങ്കുണ്ടെന്നാണ് പറയപ്പെടുന്നത്. ഡയോസിസിന്റെ മൂന്നാറിലുള്ള പള്ളികളിലും എസ്റ്റേറ്റുകളിലും ഉള്ള മരം മുറിച്ച വിഷയത്തിൽ പല കോടിരൂപാ വിലയുള്ള മരങ്ങൾ വെട്ടി ലോറിയിൽ കയറ്റി അയച്ചു. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് അധികാരികളാൽ പിടിക്കപ്പെട്ടു. അതിന്റെ കാരണക്കാരനായി പെർമിഷൻ ഒപ്പിട്ട ബിഷപ്പ് അകപ്പെട്ടു. പല കോടികൾ  പിഴ അടക്കേണ്ടിവന്നു. ബിഷപ്പ് ജയിലിലാകുന്ന സ്ഥിതി ഉണ്ടായി. ഒരു ദിവസം പെട്ടെന്ന് സ്ട്രോക്കുവന്ന് കൈകാലുകൾ തളർന്ന് കിടപ്പിലായ ബിഷപ്പവർകൾ ഇതുവരെ എണീറ്റു നടന്നിട്ടില്ല. സിനഡ് വേറൊരു ബിഷപ്പിനെ തെരഞ്ഞെടുത്തു. ഇപ്പോൾ ഡയോസിസിൽ അച്ചന്മാരാലും മറ്റെല്ലാവരാലും ഒതുക്കപ്പെട്ടു കിടപ്പിലായിരിക്കുന്നു. തെറ്റായ ഉപദേശങ്ങളും പല അച്ചൻമാരുടെ വെറുപ്പുകൾക്കും പാത്രമായ ബിഷപ്പ് കുരുവിള അവർകൾക്ക് **ദൈവത്താലുണ്ടായ ശിക്ഷയാണോ? ദൈവം അനുവദിച്ചതാണോ?**

## തമിഴ്നാട് കോയമ്പത്തൂർ ഡയോസിസ്
## ബിഷപ്പ് *Rt. Rev.* ദ്വരൈ

ഇദ്ദേഹം പല കോടികൾ, ഡയോസിസ് പണം വെട്ടിപ്പ് നടത്തി ഊട്ടി എഞ്ചിനീയറിംഗ് കോളേജ് പണം തന്റെ അക്കൗണ്ടിലാക്കി. ഇൻകം ടാക്സ് അധികാരികളുടെ കൈയ്യിലകപ്പെട്ടു. സൗത്ത് ഇൻഡ്യാ ***C.S.I*** സഭകളുടെ ചരിത്രത്തിൽ ബിഷപ്പ് ദ്വരൈ അവർകൾ മാത്രമാണ് ജയിലിൽ കിടന്നത്. മാത്രമല്ല ബിഷപ്പ് പദ

വിയിൽ നിന്നു ആദ്യമായി ഡിസ്മിസ് ചെയ്യപ്പെട്ട വ്യക്തി എന്ന് ചരിത്രം സ്ഥാപിച്ചു. നല്ല പ്രസംഗിക്കുന്ന കഴിവും പാടുന്ന കഴിവും ഉള്ള ഇദ്ദേഹം



**Rt. Rev. Durai**

തന്റെ മൂത്ത സഹോദരൻ ഡയോസിസിന്റെ കേളേജ് സ്കൂൾ എല്ലാത്തിനും കറസ്പോണ്ടന്റായും അധികാരിയായും നിയമിച്ചതുകൊണ്ട് ബിഷപ്പിന്റെ പേരിൽ ധാരാളം കോടികൾ വെട്ടിപ്പു നടത്തി. പക്ഷെ അകപ്പെട്ടതും ജയിലിലായതും ബിഷപ്പാണ്. ബിഷപ്പിനും വലിയ പങ്കുണ്ടായിരുന്നു. ആത്മീകം പോയി പദവി പോയി. കോടതിയിൽ നിൽക്കുമ്പോൾ ബിഷപ്പിന്റെ പിങ്ക് കളർ കുപ്പായവും വലിയ ക്രൂശ് മാലയും ഇട്ടുകൊണ്ടു പ്രതിക്കൂട്ടിൽ നിന്നു. ആ സമയത്ത് ജഡ്ജ് പറഞ്ഞത് പ്രതിക്കൂട്ടിൽ നിൽക്കുന്ന താങ്കൾ ഒരു അക്യൂസ്ഡ് ആണ്. കുപ്പായം ഇട്ടുകൊണ്ടു നിൽക്കാൻ പാടില്ല. ഉടനേ തന്റെ കാറിൽ ചെന്ന് ഉടുപ്പുമാറ്റിക്കൊണ്ടു വരാൻ പറഞ്ഞു. പക്ഷെ കോടതി വിട്ടു വെളിയിൽ പോകാൻ പാടില്ല. എന്റെ മുറിയിൽ പോലീസുമായി ചെന്ന് ഉടുപ്പുമാറ്റിയാൽ മതി. ഉള്ളിൽ ചെന്ന് കുപ്പായം മാത്രം ഊരിയിട്ട് മാലയും ക്രൂശും മാത്രം ഇട്ടുകൊണ്ടു നിന്നു. അപ്പോൾ ജഡ്ജി അതും ഊരാൻ പറഞ്ഞു. ബിഷപ്പ് കെഞ്ചി ഇതൊന്നുമാത്രം അനുവദിക്കണം എന്ന് പറഞ്ഞപ്പോൾ ഒരു ഹൈന്ദവ ജഡ്ജി കൺവെൻഷൻ പ്രാസംഗികനെപ്പോലെ ബിഷപ്പിനെ ഉപദേശിച്ചു. ഈ ക്രൂശിന്റെ മഹത്വം നിങ്ങളുടെ ഉള്ളത്തിൽ ഉണ്ടായിരുന്നാൽ ഇത്ര വലിയ വെട്ടിപ്പു താങ്കൾ നടത്തിയിരിക്കുമോ! അതുകൊണ്ട് ക്രൂശു പുറത്തിട്ടാൽ പോര ഹൃദയത്തിൽ ഉണ്ടാകണം എന്ന് പറഞ്ഞശേഷം ജഡ്ജി പിന്നെ നിർബന്ധിച്ചില്ല.

ബിഷപ്പിന്റെ സാക്ഷി പലവിഷയത്തിൽ നഷ്ടപ്പെട്ടു. മകളുടെ വിവാഹം രണ്ടു പ്രാവശ്യം നടന്നു. ഒന്നാമത്തെ ഭർത്താവിനെ വിവാഹമോചനം നടത്താതെ അവനറിയാതെ രഹസ്യമായി രണ്ടാമത്തെ വിവാഹം സേലത്തിൽ വച്ച് നടത്തി. ***C.S.I*** യുടെ നിയമങ്ങൾ എല്ലാം ലംഘിച്ചു മൂന്നുവിളിച്ചുചൊല്ല് ഇല്ലാതെ അവസാനം സഭാജനങ്ങൾക്കു അറിയിക്കേണ്ട വിവരവും അറിയിക്കാതെ ഒരു വിളിച്ചുചൊല്ലും പറയാതെ 10 മിനിട്ടിൽ താലികെട്ട് കഴിഞ്ഞു. പള്ളിയുടെ ചുറ്റിലും 500 പോലീസുകാർ. പഴയ ഭർത്താവ് ഉള്ളിൽ കേറിതടയാത്തവണ്ണം ഈ ഏർപ്പാടുകൾ നടത്തി. എന്നിട്ടും കല്യാണം കഴിച്ച അവൾ

ഭർത്താവുമായി പിരിഞ്ഞു. ആ സമയമാണ് ബിഷപ്പിനെ സിനഡ് ഡിസ്മിസ് ചെയ്തത്. ഭാര്യക്കു ക്യാൻസർ ബിഷപ്പ് ഒറ്റക്കായി.

ഡയോസിസിൽ ഏതു പള്ളിയിൽ ചെന്നാലും ആദ്യത്തെ പ്രാർത്ഥന അവസാന പ്രാർത്ഥന കാണിക്ക പ്രാർത്ഥന ഇതിൽ ഒന്നിലും അദ്ദേഹത്തെ പ്രാർത്ഥിപ്പിച്ചിട്ടില്ല. ഇദ്ദേഹം പലരെ ഓഡിനേഷൻ കൊടുത്ത് അച്ചനാക്കി. ആ അച്ചന്മാരും ഇദ്ദേഹത്തെ ഉപയോഗിക്കുന്നില്ല. പള്ളിയുടെ വശത്ത് സാധാരണക്കാരനെപ്പോലെ ഇരുന്ന് മടങ്ങിപ്പോകുന്നതുകാണുമ്പോൾ പല പാഠങ്ങൾ നാം പഠിക്കാൻ സാധിക്കും. പദവിപോയ ശേഷം ഒരു ബിഷപ്പിന് എങ്ങനെ ബഹുമാനം കിട്ടും എന്നുള്ളത് ഇപ്പോൾ ഉള്ള ബിഷപ്പുമാർ ചിന്തിക്കണം. ഇപ്പോൾ ഒറ്റയ്ക്ക് വെല്ലൂരിലുള്ള മകനോടുകൂടെ ജീവിക്കുന്നു.

ജയിൽ ശിക്ഷ, ബിഷപ്പ് പദവി നഷ്ടപ്പെട്ടത്, ഭാര്യ ക്യാൻസർ രോഗിയായത്, മകളുടെ ജീവിതം തകർന്നുപോയത്

**ഇതു ദൈവത്തിന്റെ ശിക്ഷയാണോ? ദൈവം അനുവദിച്ചതാണോ?**

**തൂത്തുക്കുടി – നസ്രേത്ത് *C.S.I* ഡയോസിസ് ബിഷപ്പ് *Rt. Rev.* ജപചന്ദ്രൻ.**

തൂത്തുക്കുടിയിൽ കെമിക്കൽ മണൽ വിദേശത്തു വിൽക്കുന്ന മുതലാളിമാർ ഒരു ചെറിയ ഗ്രാമത്തിൽ അച്ചനായിരുന്ന ഇംഗ്ലീഷ് സംസാരിക്കാനറിയാത്ത ഇദ്ദേഹത്തെ ബിഷപ്പാക്കാൻ വേണ്ടി അന്നത്തെ മോഡറേറ്റർക്കു ഒന്നേൽകാൽ കോടി രൂപ കൊടുത്തു. ***Rev.*** ജപചന്ദ്രൻ അവർകളെ ബിഷപ്പാക്കി. താൻ പറയുന്നതുപോലെ കേൾക്കാൻ വേണ്ടി ഇദ്ദേഹത്തെ ഒരു ഡമ്മി ബിഷപ്പാക്കി ഇദ്ദേഹത്തെ പദവിയിൽ കൊണ്ടുവന്നു. കാണിച്ചുകൊടുക്കുന്ന സ്ഥലത്ത് കൈയ്യൊപ്പിടുന്ന സ്ഥിതിയിൽ ഒന്നും അറിയാത്ത വ്യക്തിയായിരുന്നു. ചെക്ക് ബുക്കിൽ എല്ലാ ലീഫിലും ഒപ്പിട്ടുകൊടുത്ത ഒരു ജ്ഞാനമില്ലാത്ത ബിഷപ്പായിരുന്നു. അതുകൊണ്ട് ചെക്കുവാങ്ങിയ ഡയോസിസ് ആളുകൾ തങ്ങളുടെ ഇഷ്ടംപോലെ ഡയോസിസിന്റെ പണം ബാങ്കിൽ നിന്ന് എടുത്തു കൊള്ളയടിച്ചു. ഗവൺമെന്റ് ഓഡിറ്റർ മുഖാന്തരം ബിഷപ്പ് അവർകൾ അകപ്പെട്ടു. ഡയോസിസിൽ നിന്നെടുത്ത കോടികൾക്കു



**Rt. Rev. Jabachandran**

കാരണം കാണിക്കാൻ കഴിയാതെ പോയി. ജയിലിൽ അകപ്പെടുന്ന സ്ഥിതിയിൽ നിന്ന് അദ്ദേഹം രക്ഷപ്പെട്ടു. ഇദ്ദേഹത്തിനു ഭാര്യയും മക്കളും ഉണ്ടായിരുന്നു. പക്ഷെ, ഒരു സ്കൂൾ അദ്ധ്യാപികയെ വെപ്പാട്ടിയായി വച്ചിരുന്നു. ആ വീട്ടിലാണ് എപ്പോഴും താമസം. ഇതൊക്കെ അദ്ദേഹത്തിന്റെ ഭാര്യയുടെ അനുവാദത്തിന്റെ പേരിലാണ് ഈ ചീത്തക്കാര്യങ്ങൾ സംഭവിച്ചത്.

ഈ ചീത്ത ബന്ധം നിർത്തണമെന്ന് ഞാൻ രണ്ടു പ്രാവശ്യം കത്തെഴുതി. പക്ഷെ അദ്ദേഹം കേട്ടില്ല. സിനഡ് ഇദ്ദേഹത്തെ സസ്പെന്റ് ചെയ്ത് ബിഷപ്പ് പദവിയിൽ നിന്നു നീക്കി. ബിഷപ്പുമാരുടെ യോഗത്തിൽ സിനഡ് ഓഫീസിൽ ഒരു ഘട്ടത്തിൽ ഇദ്ദേഹത്തിനു ദേഷ്യം കൂടി. മോഡറേറ്ററുടെ കുപ്പായത്തിൽ പിടിച്ചു തല്ലാൻ ശ്രമിച്ചു. തൊട്ടടുത്തുള്ള അച്ചന്മാർ, ഓഫീസിലെ ആളുകൾ, മോഡറേറ്ററെ രക്ഷപ്പെടുത്തി. ഉടനെ മോഡറേറ്ററുടെ മേശയുടെ മുന്നിൽ തറയിൽ ഇരുന്നുകൊണ്ട് ധർണ്ണ നടത്തി. ആദ്യമായി സിനഡിൽ തറയിൽ ഇരുന്നു ധർണ്ണ നടത്തിയ ആദ്യത്തെ ബിഷപ്പ് ഇദ്ദേഹം തന്നെ.

ഇപ്പോൾ തൂത്തുക്കുടി ഡയോസിസിനു പുതിയ ബിഷപ്പ് തിരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ സ്ഥിതി താൻ എപ്പോഴും ബിഷപ്പായിരിക്കണോ? താൻ എന്തു ചെയ്യണമെന്ന് അറിയാത്ത സ്ഥിതിയിൽ ഇരിക്കുന്നു.

തൂത്തുക്കുടി ഡയോസിസിൽ ഇദ്ദേഹത്തെ ആരും വിളിക്കുന്നില്ല, ബഹുമാനിക്കുന്നില്ല. ഒരു കല്യാണത്തിന് പോലും ക്ഷണിക്കുന്നില്ല. സ്വന്തസ്ഥലത്തിൽ ഒരു ബിഷപ്പിന്റെ ഗതി എത്രമോശമായിപ്പോയി.

തിരുനൽവേലി ***C.S.I*** ഡയോസിസ് രണ്ടായി തകർന്ന ശേഷം ബിഷപ്പില്ലാതെ തിരുനൽവേലി ഡയോസിസ് ട്രസ്റ്റ് അസോസിയേഷൻ ***(TDTA)*** ബിഷപ്പില്ലാത്ത ഈ ഡയോസിസിന് ഇദ്ദേഹത്തിനെ ഓരോരോ ഫങ്ഷനിലും ഡമ്മി ബിഷപ്പായിരുത്തി അശീർവ്വാദം കൊടുക്കാൻ മാത്രം ഉപയോഗിക്കുന്നു. അതുകൊണ്ട് ഇപ്പോൾ താമസം തിരുനെൽവേലിയിലാക്കി. ഒരു വലിയ ബിഷപ്പ് സ്ഥാനത്തിരുന്ന ഇദ്ദേഹത്തിന്റെ വീഴ്ച ബിഷപ്പ് പദവിയിൽ നിന്ന് മാറ്റപ്പെട്ട് ആരും ബഹുമാനിക്കാത്ത സ്ഥിതിയിൽ ഒറ്റപ്പെട്ടുപോയതിന്റെ കാരണം എന്താണ്.


**ഇതു ദൈവത്തിന്റെ ശിക്ഷയാണോ? ദൈവം അനുവദിച്ചതാണോ?**

**Note :** *ഞാൻ ദൈവവേലക്കാർക്കു വരുന്ന രോഗം, മരണം, അപകടം ഇത് ദൈവ ശിക്ഷയോ അനുവദിച്ചതോ എന്നുള്ള ചോദ്യത്തിന് മറുപടി പറയാൻ വേണ്ടി വെളിയിൽ നിന്നു ഒരു ദൈവ വേലക്കാരന്റെ ഉദാഹരണം എടുക്കാതെ മറ്റു സഭയുടെ നേതാക്കളേയും ഉദാഹരണമായി പറയാതെ നമ്മുടെ C.S.I ബിഷപ്പുമാർക്കുണ്ടായ രോഗം, മരണം, അപമാനം, ജോലി നഷ്ടപ്പെട്ടത് ഇതിന്റെ കാരണം എന്താ എന്ന് അറിയാൻ വേണ്ടി മുകളിൽ പറഞ്ഞ ബിഷപ്പുമാർക്കുണ്ടായ വീഴ്ച്ചകളെ എഴുതി.*

## *C.S.I* മോഡറേറ്റർ *Most Rev.* തോമസ് കെ. ഉമ്മൻ മധ്യകേരളാ ഡയോസിസ് ബിഷപ്പ്

അച്ചന്മാർക്കും ബിഷപ്പുമാർക്കും മേൽ അധികാരമുള്ള പദവി വഹിക്കുന്ന മോഡ റേറ്റർ അവർകളുടെ രോഗക്കിടക്കയും അതിന്റെ കാരണം എന്തായി രിക്കുമെന്ന് വായനക്കാർ ഊഹിക്കാൻ വേണ്ടി അവസാനമായി എഴുതുന്നു.

മധ്യകേരളാ ഡയോസിസ് മോഡറേറ്ററും ബിഷപ്പുമായ തോമസ്. കെ. ഉമ്മൻ അവർകൾക്ക് അച്ചനായി പ്രവർത്തിച്ചപ്പോൾ നല്ല പേരായിരുന്നു. സ്വഭാ വവും നല്ലത് എന്ന് ഡയോസിസ് ജന ങ്ങൾ പറയുന്നു. മുകളിൽ പറഞ്ഞ മറ്റു ബിഷപ്പുമാരെപ്പോലെ പണവെട്ടിപ്പിൽ അകപ്പെട്ടിട്ടില്ല. പാപ ജീവിതത്തിലും അകപ്പെട്ടില്ല. പക്ഷേ ദൈവത്തിന്റെ ദേഷ്യം ഇദ്ദേഹത്തിന്റെ മേൽ ഉണ്ടാകു വാൻ പ്രധാന കാരണം എതിർ ക്രിസ്തു വിന്റെ നവീന ഉപദേശങ്ങളെ 24 *C.S.I* ഡയോസിസിനുള്ളിലും നുഴച്ചുകേറ്റാൻ ശ്രമിച്ചതാണ്. രണ്ടു വർഷത്തിനുമുമ്പ് ലന്തുകാല ഉപവാസ പ്രാർത്ഥനക്കുറിപ്പ് എന്ന പേരിൽ 24 *C.S.I* ഡയോ സിസുകൾക്കും ഒരു പ്രസ്താവന അയ



CSI Modarator
Most Rev. Thomas K. Oomman

ച്ചിരുന്നു. അത് പിശാചിന്റെ കള്ള ഉപദേശങ്ങളായ ദൈവത്തിന്റെ കുടുംബം (വസുദേവ കുടുംബം) എന്ന പുതിയ ഉപദേശത്തെ പരിചയപ്പെടുത്തി. ഇത് **ഇന്ത്യൻ പ്രധാനമന്ത്രി മോദി** ഉപയോഗിച്ച ആപത്തായ ഉപദേശമാകുന്നു. ***(Corbon Fast)*** ഭൂമി മാതാവ് എന്ന വാക്കിനെ ഉപയോഗിച്ച് ഇന്ത്യയിലുള്ള എല്ലാ പേരും ദൈവത്തിന്റെ മക്കളാണ്. നാം ആരെയും വെറുക്കാൻ പാടില്ല ***C.S.I*** സഭകളിൽ ***(Gay)*** സ്വവർഗ്ഗരതിക്കാർ (ആണും പെണ്ണും), ഹിജഡ ഇവ രെല്ലാരെയും നമ്മുടെ ദൈവം വെറുക്കുന്നു ഇതു സോദോംഗോമോറായിൽ ഉണ്ടായ പാപമാണ്. ഇവരെ സഭയിൽ ചേർത്ത് സഭയിൽ ഉന്നതസ്ഥാനങ്ങളിൽ ഉൾപ്പെടുത്തണം. ഇവരെല്ലാം വസുദൈവകുടുംബമാണ് ദൈവത്തിന്റെ മക്ക ളാണ്. ഈ വിഷയം ***(GENCONCLAVE)*** ജെൻകോൺക്ലേവ് എന്ന തലക്കെ ട്ടിൽ ഒരു യോഗം നടത്തി ഇത് എല്ലാപ്രോട്ടസ്റ്റൻഡ് എപ്പിസ്കോപ്പൽ സഭ കളും നടപ്പാക്കണം **ഡെസ്മൺ ടുട്ടു *(DESMOND TUTU)*** എന്ന് ദൈവകുടും ബത്തിന് പ്രത്യേക പേര് ഇട്ട് ഇത് പിശാചിന്റെ പാപ ഉപദേശമെന്ന് നമ്മുടെ മോഡറേറ്ററും മധ്യകേരളാ ഡയോസിസ് ബിഷപ്പുമാരായ തോമസ്. കെ. ഉമ്മൻ അവർകൾക്കു നന്നായി അറിയാം, ഇദ്ദേഹത്തിനു വേദപുസ്തകവും ദൈവം വെറുക്കുന്ന കാര്യങ്ങളും നന്നായി അറിയാം, ദൈവം വിഗ്രഹാരാധനയെ വെറു ക്കുന്നു എന്നും അറിയാം. സോദോം ഗോമോറയിൽ താമസിച്ചവർ എല്ലാം മനുഷ്യർ തന്നെ പക്ഷെ അവരെ വസുദൈവകുടുംബമായിട്ടോ ദൈവമക്കളാ യിട്ടോ ദൈവം സ്വീകരിച്ചിട്ടില്ല. ഇവർ പറയുന്നതുപോലെ ഇവർ വസുദൈവ കുടുംബമായിട്ടോ ദൈവമക്കളായോ ഇരുന്നാലും ഇവരുടെ പ്രവൃത്തി മോശ മായതു കൊണ്ട് ദൈവം അവരെ അഗ്നികൊണ്ട് നശിപ്പിച്ചു. ഇങ്ങനെ ദൈവം വെറുക്കുന്ന പ്രവൃത്തി ഉള്ള ഇവരെ എങ്ങനെ നമ്മുടെ ***C.S.I*** സഭയ്ക്കുള്ളിൽ ഉൾപ്പെടുത്താൻ സാധിക്കും? അങ്ങനെ ഉൾപ്പെടുത്തിയാൽ നമ്മുടെ പള്ളിയിൽ യുവതീയുവാക്കളുടെ സ്ഥിതി എന്താകും? മനുഷ്യത്വത്തിന്റെ പേരിലോ മനു ഷ്യാവകാശത്തിന്റെ പേരിലോ ഈ മൂന്നാം വർഗ്ഗത്തെ സഭയുടെ പദവിയിൽ കേറ്റുന്നത് എങ്ങനെ? ബിഷപ്പ് അവർകൾ തന്റെ വീട്ടിൽ ഇവരെ കേറ്റുമോ?

ഭൂമിയിലുള്ള സകല സൃഷ്ടികളിലും ദൈവത്തെ നാം കാണണം അതിനെ ബഹുമാനിക്കണം ഭൂമിയിൽ ദൈവം ഉണ്ട്. സകല സൃഷ്ടിയിലും ദൈവം ഉണ്ട് എന്നു പറയുന്ന ഈ ഉപദേശം ഒരിക്കലും സ്വീകരിക്കാൻ സാധി ക്കുന്നില്ല.

ഇങ്ങനെ ദൈവം വെറുക്കുന്ന, നശിപ്പിച്ച ആളുകളെ മോഡറേറ്റർ സഭയിൽ ഉൾപ്പെടുത്തണം എന്നുള്ള നവീന ഉപദേശം മോഡറേറ്റർ അവർകളുടെ ഉള്ളിൽ കേറിയ ഉടനെ ഞാനെന്റെ മാസികയിൽ എഴുതി. എന്നെപ്പോലെ ഇനിയും ചിലർ മോഡറേറ്ററിനു ഈ ഉപദേശത്തെ വെറുക്കുന്നതായി എഴുതി എന്ന് ഞാനറിഞ്ഞു. എന്നിട്ടും മോഡറേറ്റർ ഇതിനെക്കുറിച്ച് ഉണർന്നിട്ടില്ല. ഇപ്പോഴാണ് ദൈവത്തിന്റെ ദേഷ്യം മോഡറേറ്ററുടെ മേൽ ഇറങ്ങി സ്ട്രോക്ക് വന്ന് ***I.C.U*** വിൽ രണ്ടു മൂന്നു ദിവസം കിടന്നു. വീണ്ടും ജീവനോടെ മടങ്ങി വരുമോ എന്ന സംശയത്തോടെ ഡോക്ടർമാർ പറഞ്ഞുകൊണ്ടിരുന്നു. മൂന്നു ദിവസം ബോധം തെളിഞ്ഞില്ല. ഞാനും വെല്ലൂർ സി.എം.സി ആശുപത്രിയിൽ പോയി ***I.C.U*** മുറിയിൽ ഇരുന്ന് മോഡിറേറ്ററിനു വേണ്ടി എന്നെ കൂട്ടികൊണ്ടു പോയ ഡോക്ടറോട് ചെന്ന് പ്രാർത്ഥിച്ചു മോഡറേറ്റർ ജീവിക്കണം കിടപ്പിൽ നിന്ന് പുതുബലത്തോടെ എണീറ്റുവരണം സാക്ഷിപറയണം. താൻ പറഞ്ഞ എതിർ ക്രിസ്തുവിന്റെ ഉപദേശത്തെ തെറ്റ് എന്ന് ഏറ്റു പറയണം കർത്താവേ ഞങ്ങളുടെ മോഡറേറ്ററെ ഈ പിശാചിന്റെ തെറ്റായ ഉപദേശത്തിൽ നിന്നു തിരുത്തേണമേ എന്നു പ്രാർത്ഥിച്ചിട്ട് മടങ്ങി വന്നു. ഇപ്പോൾ ഒരു ചെറിയ സൗഖ്യം ലഭിച്ചിരിക്കുന്നു. പൂർണ്ണസൗഖ്യം ലഭിച്ചിട്ടില്ല. കയ്യൊപ്പ് മാത്രം കുറച്ച് മാറിയതായറിഞ്ഞു. ഈ സമയത്ത് എങ്കിലും തന്റെ തെറ്റായ ഉപദേശത്തെ ഏറ്റു പറഞ്ഞ് ദൈവത്തിന്റെ മുമ്പിൽ ക്ഷമ ചോദിക്കണം.

**മോഡറേറ്റർക്കുണ്ടായ സ്ട്രോക്ക് പാപത്താൽ ഉണ്ടായതാണോ? ദൈവം അനുവദിച്ചതാണോ?**

വചനം അറിയാത്തവർ തെറ്റു ചെയ്താൽ അടി കുറവായിരിക്കും. ദൈവത്തേയും വചനത്തെയും അറിഞ്ഞവർ തെറ്റു ചെയ്താൽ അടി കൂടുതൽ കിട്ടും എന്നു വേദപുസ്തകം അറിയിക്കുന്നു.


## മധ്യകേരളാ ഡയോസിസ്

മധ്യകേരളാ ഡയോസിസ് അച്ചന്മാർക്കും, ക്ലർജി സെക്രട്ടറി, ഭാരവാഹികൾ, സഭാവിശ്വാസികളായ നിങ്ങൾ എല്ലാ പേർക്കും നിങ്ങളെ യഥാർത്ഥമായി

സ്നേഹിക്കുന്ന, നിങ്ങൾക്കു വേണ്ടിയും, നിങ്ങളുടെ കുടുംബങ്ങൾക്കു വേണ്ടിയും പല പ്രശ്നങ്ങളിൽ അകപ്പെട്ടവർക്കു വേണ്ടിയും രാത്രിയും പകലും പ്രാർത്ഥിച്ച ഒരു ദൈവവേലക്കാരൻ എന്നുള്ള നിലയിൽ ആലോചനയായി പറയുന്നത് നിങ്ങളിൽ പലരും എന്റെ വേലയിൽ പണം തന്നും, പ്രാർത്ഥിച്ചും എന്നെ താങ്ങികൊണ്ടിരിക്കുന്നു. ബിഷപ്പിന്റെ പേരിൽ എന്നോടു വെറുപ്പുണ്ടായിട്ടും എനിക്കയക്കുന്ന പണം നിർത്തീട്ടില്ല എനിക്കു വേണ്ടി പ്രാർത്ഥിക്കുന്നതും നിർത്തിട്ടില്ല നിങ്ങളുടെ ഡയോസിസിൽ ഭൂരിപക്ഷം സഭകളിൽ വചന ശുശ്രൂഷ ചെയ്തവനാണു ഞാൻ എന്റെ എഴുത്തിലും എന്റെ പ്രവർത്തനത്തിലും ഇതുവരെ കള്ളം പറഞ്ഞിട്ടില്ല വ്യാജമായി ഒന്നും എഴുതിയിട്ടുമില്ല.

ഇതു വായിക്കുന്ന നിങ്ങൾ ദയവായി എന്നെ മനസ്സിലാക്കണം നിങ്ങളുടെ ബിഷപ്പു പറയുന്ന ഉപദേശങ്ങളിൽ നിങ്ങൾ വളരെ സൂക്ഷിക്കണം. ബിഷപ്പിനേയോ, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളേയോ, അപമാനിച്ചിട്ടില്ല. ബിഷപ്പ് അവർകളോടുള്ള ബഹുമാനത്തോടു ഞാൻ ഇത് എഴുതി അവസാനിപ്പിക്കുന്നു.ബിഷപ്പെഴുതിയ ഉപദേശങ്ങൾ ഒന്നും നിങ്ങളുടെ ഡയോസിസിൽ വന്നിട്ടില്ല. എന്നാലും അധർമ്മ മൂർത്തിയുടെ വരവ് വളരെ അടുത്ത് ആയതുകൊണ്ടും മാത്രമല്ല അവൻ വഞ്ചിക്കുന്നവൻ ആയതുകൊണ്ടും വചന അടിസ്ഥാനമില്ലാത്ത ഏത് ഉപദേശത്തേയും നിങ്ങൾ അനുസരിക്കരുത്. പൗലോസ് പറഞ്ഞതുപോലെ ദൈവദൂതൻ വന്നു പറഞ്ഞാലും നിങ്ങൾ വിശ്വാസിക്കരുത്. എന്നെകൊണ്ടു നിങ്ങളെ ആരെയും മറക്കാൻ സാധിക്കുന്നില്ല അത്രമാത്രം നിങ്ങൾ എന്നെ സ്നേഹിച്ചവരാണ് ഇടക്കിടക്കു നിങ്ങളുടെ ഡയോസിസിൽ പ്രാർത്ഥനായോഗങ്ങൾക്കു കടന്നു വരുമ്പോൾ നിങ്ങളുടെ സ്നേഹം മാറിട്ടില്ല എന്നു മനസ്സിലാക്കാൻ സാധിച്ചു. ദൈവം നിങ്ങളേയും നിങ്ങളുടെ മക്കളേയും അച്ചന്മാരേയും ബിഷപ്പിനേയും അനുഗ്രഹിക്കട്ടെ. ഈ ചോദ്യത്തിനുത്തരം ഒരു കത്ത് മാതിരിയാണ് ഞാൻ എഴുതിയിരിക്കുന്നത്. അതുകൊണ്ട് പ്രാർത്ഥനയോടു നിർത്തുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# അനുമോദനം !!!



**Rt. Rev. Dr. A.R. Chelliah**

## കന്യാകുമാരി സി.എസ്.ഐ ഡയോസിസ് പുതിയ ബിഷപ്പ്

2019 ജൂലായ് മാസം നാഗർകോവിലിൽ വച്ച് റവ. ഡോ. ***A.R.* ചെല്ലയ്യ,** MA, BD, MTh, D Min അവർകളെ ബിഷപ്പായി തെരഞ്ഞെടുത്തു. നല്ല ആത്മീയ ഭാരമുള്ള, ദൈവീക ഭയമുള്ള ഒരു അച്ചനെ കന്യാകുമാരി സി.എസ്.ഐ ഡയോസിസിന്റെ ബിഷപ്പായി തെരഞ്ഞെടുത്തതിൽ ഞാൻ അനുമോദിക്കുന്നു. അച്ചനായിരിക്കുമ്പോൾ പല സഭകളിലും എന്നെ ക്ഷണിച്ച് കൺവെൻഷനുകൾ നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തുടർന്നുള്ള വർഷങ്ങളിൽ ഡയോസിസിലെ എല്ലാ സഭകളും ആത്മീയ വളർച്ചയിലും ദൈവവചനത്തിന്റെ അടിസ്ഥാനത്തിലും വളർന്ന് മുന്നേറുവാൻ സർവ്വശക്തനായ ദൈവത്തിന്റെ കൃപ ഉണ്ടാകുമാറാകട്ടെ!

കഴിഞ്ഞ കാലങ്ങളിൽ കന്യാകുമാരി ഡയോസിസ് നേരിട്ട പ്രതിസന്ധികളും സാമ്പത്തിക തിരിമറികളുടെയും തുടർച്ച പുതിയ ബിഷപ്പിന്റെ നേതൃത്വത്തിൽ ഉണ്ടാകാതെയിരിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

പുതിയ ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട ***Rt. Rev. Dr. A.R*** ചെല്ലയ്യ അവർകളെ ജാമക്കാരന്റെ പേരിലും എന്റെ സ്വന്തം പേരിലും ആശംസിക്കുന്നു.

# എന്റെ ദൈവവേല വിവരങ്ങൾ

**2019**

| | | |
|---|---|---|
| **ആഗസ്റ്റ്** | 9, 10, 11 | ഉടുമൽപെട്ട് C.S.I ചർച്ച് Madurai Diocese |
| **ആഗസ്റ്റ്** | 16, 17, 18 | പുതുക്കുടി (നാഗർകോവിൽ C.S.I ചർച്ച്) Kanyakumari Diocese |
| **ആഗസ്റ്റ്** | 27 | ഗുജറാത്ത് (ആദിവാസി സുവിശേഷ വേല) |
| **സെപ്തംബർ** 2 | | ഒരു ദിവസം മുഴുവനും ധ്യാന യോഗം (ഗുജറാത്ത് അഹമ്മദാബാദ് C.N.I ചർച്ച്) |
| **സെപ്തംബർ** 13,14,15 | | കാട്പാടി (വെല്ലൂർ ഡയോസീസ് C.S.I ചർച്ച്) |
| **സെപ്തംബർ** മൂന്നാം വാരം | | കേരളം (ആദിവാസികളുടെ ഇടയിൽ ദൈവവേല) |
| **ഒക്ടോബർ** 4, 5, 6 | | ശിവഗംഗൈ C.S.I ചർച്ച് (തിരുച്ചി –തഞ്ചാവൂർ ഡയോസീസ്) |
| **ഒക്ടോബർ**11,12,13 | | തൂത്തുക്കുടി C.S.I ചർച്ച് (തൂത്തുക്കുടി ഡയോസിസ്) |
| **ഒക്ടോബർ**25,26,27 | | മേടവാക്കം ചെന്നൈ C.S.I ചർച്ച് (മദ്രാസ് ഡയോസീസ്) |

## എന്റെ ദൈവവേലയുടെ യാത്രാവിവരങ്ങൾ എന്തുകൊണ്ട് മാസികയിൽ ചില വർഷങ്ങളായി എഴുതുന്നില്ല?

കഴിഞ്ഞ 15 വർഷങ്ങളായി എന്റെ ദൈവവേലയിൽ ജാമക്കാരനിൽ പല വിധ വിമർശനങ്ങളെ എഴുതിയതു കൊണ്ട് എനിക്കു നേരേ ധാരാളം കൊല വിളികളും ആക്രമണ പദ്ധതികളും പല ടി.വി. ദൈവ വേലക്കാർ മുഖാന്തരവും ചില ബിഷപ്പുമാർ മുഖാന്തരവും ഗുണ്ടകളെ ഏർപ്പാട് ചെയ്ത് ഡോക്ടറെ ആക്രമിക്കാൻ ശ്രമിക്കുന്നതായി പോലീസിന്റെ വിവരം കിട്ടി. അതുകൊണ്ട് അധികാരികൾ എന്നെ വിളിച്ച് നിങ്ങളുടെ മാസികയിൽ നിങ്ങളുടെ യാത്രാ വിവരങ്ങൾ (പ്രോഗ്രാം), തീയതികൾ, പരസ്യപ്പെടുത്താതെ ചില നാളുകൾ നിർത്തി വയ്ക്കണം എന്നു ആലോചന പറഞ്ഞു. നിങ്ങൾ പുറപ്പെടുന്ന ദിവസം എത്തിച്ചേരുന്ന ദിവസം മീറ്റിംഗ് നടത്തുന്ന സ്ഥലം ഇവ ദയവായി പരസ്യപ്പെ

ടുത്തരുത് എന്നു പറഞ്ഞു. അധികാരികൾക്ക് മര്യാദ കൊടുക്കാൻ ഞാൻ അത് നിർത്തി. ഞാൻ നിർത്തിയത് മരണഭയം കൊണ്ടല്ല എന്നു വായനക്കാർക്ക് നന്നായി അറിയാം. സങ്കീ:127 പറഞ്ഞതുപോലെ **യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാരൻ വൃഥാ ജാഗരിക്കുന്നു.** ദൈവം എന്നോടുകൂടെ ഇരിക്കുന്നു ഏതുവിധമായ ആക്രമണത്തിനും മരണത്തിനും ദൈവം അനുവദിക്കുമെങ്കിൽ അതിനെ അഭിമുഖീകരിക്കാൻ ഞാൻ തയ്യാറായിരിക്കുന്നു.

**BANK ACCOUNT NUMBERS:**

## Dr. M.G.E. PUSHPARAJ

SALEM -636 005. INDIA

**STATE BANK OF INDIA** (SALEM-1970)

**A/C No: 10764116842**

SWIFT CODE - SBININBB637- 10764116842

IFSC CODE - IFSC SBIN0001970 -10764116842

**CANARA BANK - SALEM** (SURAMANGALAM BRANCH)

**A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622.

IFSC CODE - IFSC CNRB0001219- 1219101013622.

## നന്ദി

Bank NEFT, MO, DD ആയി നല്കിയ കൂട്ടായ്മകൾ എല്ലാം ലഭിച്ചു. നിങ്ങളെഴുതിയ എല്ലാ വിഷയങ്ങൾക്കായും ഞാൻ പ്രാർത്ഥിക്കുന്നു. തുടർന്നും പ്രാർത്ഥിക്കും.

## ഇന്ത്യയുടെ സ്വാതന്ത്ര്യം



ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിയെടുത്ത നേതാക്കൾക്കും അതിനുവേണ്ടി കഷ്ടപ്പെട്ട ത്യാഗികൾക്കും വേണ്ടി ദൈവത്തെ സ്തുതിക്കുന്നു. നാം ഇന്ത്യക്കാർ എന്നു പറയുന്നതിൽ അഭിമാനം കൊള്ളുന്നു. ഇന്ത്യാ ജനാധിപത്യ ദേശമായിരിക്കുന്നതുകൊണ്ട് ദൈവത്തിനു നന്ദി പറയുന്നു.

### പക്ഷെ സ്വാതന്ത്ര്യം എവിടെ?

ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിച്ചാലും ഇപ്പോഴുള്ള സാഹചര്യത്തിൽ സ്വാതന്ത്ര്യം നഷ്ടപ്പെട്ടോ എന്നു സംശയം ഉണ്ടാകുന്നു. ട്രെയിനിലും റെയിൽവേ സ്റ്റേഷനിലും ബസ്സ്റ്റാന്റിലും രാമകൃഷ്ണമിഷൻ സ്ഥാപനത്തിലുള്ളവർ ഗീതയും ഹൈന്ദവമത ലഘുലേഖകളും വിതരണം ചെയ്യുന്നു. പക്ഷെ കൃസ്ത്യാനികൾക്ക് ലഘുലേഖകൾ കൊടുക്കാനോ സുവിഷേശം അറിയിക്കാനോ സ്വാതന്ത്ര്യം ഇല്ല. അഥവാ അങ്ങനെ പറഞ്ഞാൽ മതമാറ്റം ചെയ്യുന്നു എന്നു പറഞ്ഞ് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകുന്നു. അതുകൊണ്ടാണ് ഇന്ത്യ സ്വാതന്ത്ര്യമാണോ എന്ന സംശയം തോന്നുന്നത്.

**പ്രാർത്ഥിക്കുന്നു** **ജയ്ഹിന്ദ്**

**AUGUST - 2019**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.